www.malankaralibrary.com


# കാരുണികൻ

Vol.19 No. 8 Aug. 2022

സമഗ്ര ദൈവശാസ്ത്ര മാസിക




## വചനബോധി
## മലങ്കര

www.malankaralibrary.com

# വചനബോധി
സീറോമലങ്കര

**പത്രാധിപസമിതി**

- ഫാ. മിഖാസ് കൂട്ടുങ്കൽ (എഡിറ്റർ)
- ഫാ. മോൺസി വടകരപുത്തൻപുര
- ഫാ. ജോജോ കന്നപ്പിള്ളി
- ഫാ. സ്റ്റെബിൻ വിതയത്തിൽ

## ഉള്ളടക്കം

**ആഗസ്റ്റ് 21**
**തേജസ്കരണശേഷം 3-ാം ഞായർ** :57
ലൂക്കാ 18:9-14
- ഡോ. ജേക്കബ് മുല്ലൂർ
- ഫാ. ആന്റണി കല്ലിൽ OIC

**ആഗസ്റ്റ് 28**
**തേജസ്കരണശേഷം 4-ാം ഞായർ** :62
മർക്കോ 10:35-45
- ഡോ. സി. ഗ്ലാഡിസ് CMC
- ഫാ. മാർട്ടിൻ പ്രേമാനന്ദ് OIC

**സെപ്തംബർ 04**
**തേജസ്കരണശേഷം 5-ാം ഞായർ** :68
ലൂക്കാ 18:18-30
- ഡോ. ജേക്കബ് മുല്ലൂർ
- ഫാ. ഏലിയാസ് ഐപ്പ് പാറയ്ക്കൽ

**സെപ്തംബർ 08**
**വിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ** :75
- ഫാ. പീറ്റർ തോമസ് Ofm Cap.

**സെപ്തംബർ 11**
**തേജസ്കരണശേഷം 6-ാം ഞായർ** :78
ലൂക്കാ 21:34-38
- ഡോ. സി. നമിത SIC
- ഫാ. മാത്യു ചിറയിൽ

**സെപ്തംബർ 14**
**സ്ലീബാപ്പെരുന്നാൾ** :82
- ഡോ. ബിൽജു വാഴപ്പിള്ളി

**സെപ്തംബർ 18**
**സ്ലീബാപ്പെരുന്നാളിനുശേഷം 1-ാം ഞായർ** :86
മർക്കോ 13:28-37
- ഡോ. സി. ഗ്ലാഡിസ് CMC
- ഫാ. മേരി ജോൺ Ofm Cap.

www.malankaralibrary.com



## ആഗസ്റ്റ് 21
## തേജസ്കരണശേഷം 3-ാം ഞായർ

# ഭാഷ്യം

## ലൂക്കാ 18:9-14

### സന്ദർഭം

യേശുവിന്റെ ഐതിഹാസികമായ ജറുസലെം യാത്രയുടെ അവസാന ഘട്ടത്തിലേക്ക് എത്തുകയാണ്. യുഗാന്തപഠനങ്ങളുടെ ഭാഗമായി മനുഷ്യർ നേരിടാൻ പോകുന്ന പ്രതിസന്ധികളെ നിതാന്ത ജാഗ്രതയോടെ പ്രാർഥനയോടെ നോക്കിക്കാണണമെന്ന് 18-ാം അധ്യായത്തിന്റെ ആദ്യഭാഗത്ത് ന്യായാധിപന്റെയും വിധവയുടെ കഥയിലൂടെയും യേശു പഠിപ്പിക്കുന്നുണ്ട് (18:7,1-8). തുടർന്നു പ്രാർഥന സ്വീകാര്യമാകുന്നതിന്റെയും തള്ളപ്പെടുന്നതിന്റെയും ശൈലി വ്യത്യാസങ്ങൾ ചൂണ്ടിക്കാണിക്കുന്നതാണ് ഫരിസേയന്റെയും ചുങ്കക്കാരന്റെയും ഉപമ (18:9-14).

### സാരം

പ്രാർഥനയുടെ അടിസ്ഥാനഘടകം എളിമയും അനുതാപവും ആണെന്ന് സമർഥിക്കുന്നതാണ് വചനത്തിലെ പ്രമേയം. മറിച്ചായാൽ പ്രാർഥന ഫലശൂന്യമാകുമെന്ന് മുന്നറിയിപ്പും ഉണ്ട്.

### സന്ദേശം

1. യേശു ഈ ഉപമയും പഠനവും നടത്തുന്നത് ഫരിസേയരെ ലക്ഷ്യംവച്ചാണ്. അവരുടെ മൗലീക മനോഭാവം എന്താണെന്ന് യേശു ചൂണ്ടിക്കാട്ടുന്നു. സ്വയം നീതിമാന്മാരാണെന്ന ചിന്ത. അതിന്റെ ഫലമായി വേറെ ആരുടെയും ആശ്രയം ആവശ്യമില്ലാത്ത അഹങ്കാരമനോഭാവം. അധികാരവും പണവും ഉള്ളവർ പുലർത്തുന്ന

www.malankaralibrary.com

ചിന്താരീതിയാണത്. അതുകൊണ്ടുതന്നെ അവന്റെ പ്രാർഥന ഉപരിപ്ലവമാണ്. ആത്മീയത മുഖംമൂടിയാണ്. അതുകൊണ്ട് ഗർവിന്റെ ചേഷ്ടകളാണ് അവനിൽ നിറഞ്ഞുനിൽക്കുന്നത്. മുട്ടുകുത്താൻ അവന് മടിയാണ്. അത് താഴ്ന്നുകൊടുക്കലാണല്ലോ. അവന് ഒന്നും ആവശ്യപ്പെടാനില്ല. അടുത്തുകാണുന്ന ചുങ്കക്കാരനെ പുഛിക്കുകയും സ്വന്തം പുണ്യം കൊട്ടിഘോഷിക്കുകയും ചെയ്യുന്നു. ഈ താരതമ്യപ്പെടുത്തലാണ് മനുഷ്യന്റെ പതനത്തിലേക്കെത്തുന്നത്. ആബേലിന്റെ കാഴ്ചകൾ മെച്ചമാണെന്നുള്ള കണ്ടെത്തലാണല്ലോ കായേനെ കൊടുംപാതകത്തിലേക്കെത്തിച്ചത് (ഉത്പ 4:1–8).

2. ഫരിസേയന് ദൈവത്തെ ആശ്രയിക്കേണ്ടതില്ലെന്ന് വ്യക്തമാക്കപ്പെടുകയാണ് സ്വന്തം പ്രാർഥനയിൽതന്നെ. നന്ദിപറയുക പ്രാർഥനയുടെ അടിസ്ഥാനഭാവമാണെങ്കിലും എന്തിനുവേണ്ടിയാണ് നന്ദിപറയുന്നത് എന്നതാണ് ഫരിസേയനെ അപ്രീതനാക്കുന്നത്. അക്രമികളുടെ അഥവാ കള്ളന്മാരിൽ ഒരാളായി മാറാഞ്ഞതിൽ മത്തായി സുവിശേഷത്തിൽ ഫരിസേയരെ പരോക്ഷമായി കടിച്ചുകീറുന്ന ചെന്നായ്ക്കളായി ഈശോ മുന്നറിയിപ്പു നൽകുന്നുണ്ട് (മത്താ 7:15), ലൂക്കാ 11:40 നീതിരഹിതൻ, അഥവാ വഞ്ചകൻ; ലൂക്കാ 11:42; ഫരിസേയർ നീതിരഹിതരും, സ്നേഹം ഇല്ലാത്തവരും ആണെന്ന് ചൂണ്ടിക്കാണിക്കുന്നു.

**വ്യഭിചാരി:** ഫരിസേയർ വ്യഭിചാരികൾ ആണെന്ന്, പാപിനിയെ കല്ലെറിയുന്ന സംഭവത്തിൽ വ്യക്തമാക്കപ്പെടുന്നുണ്ട് (യോഹ 8:7–9).

**ചുങ്കക്കാരൻ:** അന്യായമായി നികുതി ഈടാക്കുന്നു, സാധാരണക്കാരെ കൊള്ളയടിക്കുന്നു. വിധവകളുടെ ഭവനങ്ങൾ വിഴുങ്ങുന്നവരുമാണ് ഇക്കൂട്ടർ എന്ന് യേശു ആരോപിക്കുന്നുണ്ട് (ലൂക്കാ 26:47). സ്വയം കുറ്റം വിധിക്കുകയാണ്.

3. ചുങ്കക്കാരന്റെ പ്രാർഥനയിലെ എളിമ നാലു പരാമർശങ്ങളിലൂടെ എടുത്തുകാട്ടുന്നു.

1. ദൂരെനിൽക്കുന്നു– ദൈവാലയത്തിൽ അങ്ങേ അറ്റത്ത്– മോണ്ടളം– എന്നൊക്കെ സൂചന.

2. കണ്ണുകൾ താഴ്ത്തി– ആത്മാഭിമാനത്തിന്റെ കുറവും, പാപത്തിനെക്കുറിച്ചുള്ള മനസ്താപവും പ്രകടമാകുന്നു.

www.malankaralibrary.com

3. നെഞ്ചത്തടിക്കുന്നു. അനുതാപത്തിന്റെ പരസ്യപ്രകടനം. കാൽവരിയാത്രയിൽ ജറുസലെം സ്ത്രീകൾ നെഞ്ചത്തടിച്ചുകരയുന്നു (23:48).

4. കരുണക്കായി യാചിക്കുന്നു. രോഗികളും നിർധനരും യേശുവിന്റെ കരുണക്കായി യാചിക്കുന്നുണ്ട് (17:13). അതിൻഫലം കിട്ടുകയും ചെയ്യുന്നു.

ദൈവം തന്റെ പ്രാർഥന കേൾക്കും, തന്നോട് ക്ഷമിക്കും എന്ന പ്രതീക്ഷ പ്രാർഥനയുടെ കാതലാണ് (സങ്കീ 51:1).

പാപിയുടെ പാപാവസ്ഥയെക്കുറിച്ചുള്ള തിരിച്ചറിവും ന്യായീകരണങ്ങളോ, അവകാശവാദങ്ങളൊന്നും ഇല്ലാതെ, ദൈവത്തോട് നേരിട്ട് സംവദിക്കുന്ന പ്രാർഥനയാണ് പ്രധാനം. സുവിശേഷത്തിലെ കീഴ്മേൽ മറിച്ചിലിന് (reversal) ഒരു ഉദാഹരണം കൂടിയാണ് ഈ ഉപമ.

**ഡോ. ജേക്കബ് മുല്ലൂർ**

www.malankaralibrary.com

# പ്രസംഗം

## ദൈവത്താൽ നീതികരിക്കപ്പെടുക

യഹൂദപശ്ചാത്തലത്തിൽ യേശു തന്റെ പരസ്യജീവിതകാലത്ത് ഉപമകളിലൂടെയാണ് ജനങ്ങളെ പഠിപ്പിച്ചത്. വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിലെ മനോഹരമായ ഒരു ഉപമയാണ് ഫരിസേയരും ചുങ്കക്കാരനും. ഈ ഉപമയിലുടെ യേശു രണ്ട് വ്യക്തികളുടെ മനോഭാവം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു. പാപിയായ മനുഷ്യന്റെ പശ്ചാത്താപവും നീതികരണവും. ഫരിസേയന്റെ സ്വയം നീതികരണവും സഹോദരനെ ചെറുതാക്കി കാണിക്കുന്ന മനോഭാവവുമാണ് ഇവ. ഉപമയിലൂടെ യേശു എന്ത് സന്ദേശമാണ് നമുക്ക് നൽകുന്നത്? സ്വയം നീതികരിക്കാൻ ആര് ശ്രമിച്ചാലും ദൈവമുമ്പാകെ അവൻ പരാജയപ്പെടും.

ഉപമയുടെ പ്രധാന സന്ദേശം ഇവിടെ ലൂക്കാ സുവിശേഷകൻ ഇപ്രകാരം ചിത്രീകരിച്ചിരിക്കുന്നു. ദൈവാലയത്തിൽ രണ്ടുപേർ പ്രാർഥിക്കാൻ കടന്നുവരുന്നു. ഒരു ഫരിസേയൻ, രണ്ടാമത്തെയാൾ ചുങ്കക്കാരൻ. ഫരിസേയൻ കർമങ്ങളിലും അനുഷ്ഠാനങ്ങളിലും ജീവിക്കുന്നവൻ. അതായത് യഹൂദചട്ടങ്ങളും ക്രമങ്ങളും പാലിച്ച് ജീവിക്കുന്ന വ്യക്തി. അയാളുടെ മനോഭാവം താൻ നീതികരിക്കപ്പെട്ടവനെന്നായിരുന്നു, മാത്രമല്ല ദൈവത്തിന്റെ നീതി പ്രതീക്ഷിക്കാതെ, ദൈവകരുണയിൽ ആശ്രയിക്കാതെ താൻ നീതികരിക്കപ്പെട്ടവനെന്ന് അഹങ്കാരത്തോടെ ചിന്തിച്ചവനായിരുന്നു. ഞാൻ എല്ലായിടത്തും ശരിയാണ്, ദശാംശം കൊടുക്കുന്നവൻ, ഉപവസിക്കുന്നവൻ, പ്രാർഥിക്കുന്നവൻ തുടങ്ങിയ ആചാരാനുഷ്ഠാനങ്ങൾ പാലിച്ച് മുന്നോട്ടു പോകുമ്പോൾ ഞാൻ എല്ലാം ശരിയാണ്, ഞാൻ ദൈവരാജ്യത്തിന്റെ അവകാശിയാണ് എന്ന മിഥ്യാധാരണ അദ്ദേഹത്തെ വിഴുങ്ങിക്കളഞ്ഞു.

എന്താണ് ഇതിലെ യാഥാർഥ്യം? യേശു നമുക്ക് നൽകുന്ന മറുപടി അഥവാ ഉത്തരം എന്ത്? യേശുവിന്റെ ജീവിതത്തിൽ അവൻ വിജനസ്ഥലങ്ങളിൽ പ്രാർഥിച്ചു, ഏകാന്തതയിൽ പ്രാർഥിച്ചു, സിനഗോഗിൽ പഠിപ്പിച്ചു. യേശുവിന്റെ പഠിപ്പിക്കൽ എന്തായിരുന്നു. ഫരി

www.malankaralibrary.com

സേയരുടെ കാപട്യമാകുന്ന പുളിപ്പിനെ സൂക്ഷിക്കുക, കോപ്പയുടെയും പാത്രത്തിന്റെയും പുറംകഴുകുന്നു, അകം മാലിന്യം നിറഞ്ഞതാണ്. വെള്ളയടിച്ച കുഴിമാടങ്ങളോട് യേശു അവരെ ഉപമിക്കുന്നു. യേശുവിന്റെ വാക്കുകൾ നൽകുന്ന സൂചന കപടതയെക്കുറിച്ചാണ്. യേശു വെറുത്ത ഒരുകൂട്ടർ ആയിരുന്നു കപടഹൃദയർ.

എന്നാൽ പാപിപായ മനുഷ്യൻ തന്റെ ജീവിതം ദൈവമുമ്പാകെ സമർപ്പിക്കുന്നു, പൊട്ടിക്കരയുന്നു. അവന് ദൈവത്തെ ആവശ്യമായിരുന്നു. അവന്റെ അയോഗ്യതകൾ തിരിച്ചറിഞ്ഞ് ദൈവകരുണയ്ക്കായി അവൻ യാചിച്ചു. യേശു അവനിൽ കടാക്ഷിച്ചു, എന്താണ് കാരണം? പാപിയായ മനുഷ്യന് ദൈവത്തെ ആവശ്യമുണ്ടായിരുന്നു. അവൻ ആഴത്തിലുള്ള തിരിച്ചറിവുകൊണ്ട് തന്റെ ജീവിതത്തിലെ കുറവുകൾ മനസ്സിലാക്കി.

ഈ ഉപമയിലൂടെ യേശു നൽകുന്ന പാഠം ഓരോ ക്രിസ്ത്യാനിയുടെയും ജീവിതം എന്ത് എന്നുള്ളതാണ്. ഉത്തരം സ്വയം നീതീകരിക്കാൻ ശ്രമിക്കരുതെന്നുള്ളതാണ്. നീതിമാനായി ദൈവം മാത്രമേയുള്ളൂ. സ്വർഗത്തിൽനിന്ന് ഭൂമിയിലേക്ക് നോക്കിയപ്പോൾ നീതിമാനായി ആരെയും കണ്ടില്ല. ഒരു ക്രിസ്ത്യാനി യേശുവിന്റെ ജീവിതത്തിലെ സന്ദേശം സ്വീകരിക്കുക, അതായത് പിതാവുമായുള്ള ബന്ധം നിലനിർത്താൻ നിരന്തരം പരിശ്രമിക്കുക. സ്വയം ശൂന്യവല്കരണത്തിലൂടെ അവൻ ദാസന്റെ രൂപം സ്വീകരിച്ചു. ഈ ഉപമ നമുക്ക് നൽകുന്ന സന്ദേശം അതുമാത്രമാണ്. ദൈവം നമ്മെ നീതികരിക്കും.

**ഫാ. ആന്റണി കല്ലിൽ OIC**

www.malankaralibrary.com



## ആഗസ്റ്റ് 28
## തേജസ്കരണശേഷം 4-ാം ഞായർ

# ഭാഷ്യം

## മർക്കോ 10:35-45

### സന്ദർഭം

മർക്കോസിന്റെ സുവിശേഷത്തിൽ എട്ടും ഒൻപതും പത്തും അധ്യായങ്ങളിലായി യേശുവിന്റെ മൂന്ന് പീഡാനുഭവ പ്രവചനങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. മൂന്നാമത്തെ പ്രവചനത്തെ തുടർന്നുള്ള ശിഷ്യന്മാരുടെ, പ്രത്യേകിച്ചും യാക്കോബ്, യോഹന്നാൻ എന്നിവരുടെ പ്രതികരണമാണ് നാമിന്ന് വിചിന്തനം ചെയ്യുന്നത്. മൂന്നാം പീഡാനുഭവ പ്രവചനത്തിനും അന്ധനുകാഴ്ച നൽകുന്ന അത്ഭുതത്തിനും ഇടയിലാണ് ഈ സുവിശേഷഭാഗം രേഖപ്പെടുത്തിയിരിക്കുന്നത്.

### സാരം

ആത്മീയ അന്ധതയാൽ യേശു സ്ഥാപിക്കുന്ന രാജ്യത്തിന്റെ മഹത്വം തന്റെ മൂന്നാമത്തെ പ്രവചനം കഴിഞ്ഞിട്ടും മനസ്സിലാക്കാൻ സാധിക്കാതെ പോകുന്ന ശിഷ്യന്മാരെ അത്തരം മനോഭാവങ്ങളിൽ നിന്നും സ്വതന്ത്രരാക്കി ക്രിസ്തുശിഷ്യത്വത്തിന്റെ ആഴങ്ങളിലേക്ക് നയിക്കുന്ന ഉൾക്കാഴ്ചകൾ അഥവാ ദൈവരാജ്യവും ലോകരാജ്യവും തമ്മിലുള്ള അന്തരമാണ് ഇതിന്റെ സാരാംശം.

### സന്ദേശം

ഒന്നാം പീഡാനുഭവ പ്രവചനത്തെ തുടർന്ന് പീഡകൾ യേശുവിൽ ഉണ്ടാകാതിരിക്കട്ടെ എന്നു പറഞ്ഞു തടയുന്ന പത്രോസിനെയും അത് ദൈവഹിതത്തിന് വിരുദ്ധം നിൽക്കുന്ന സാത്താന്റെ പ്രവണതയാണെന്ന് ശക്തിയുക്തം മനസ്സിലാക്കികൊടുക്കുകയും ചെയ്യുന്ന യേശുവിനെയുമാണ് കാണുന്നതെങ്കിൽ, മൂന്നാം പീഡാനുഭവ പ്രവചനത്തിന് ശേഷം എല്ലാവരെക്കാളും ഒന്നാമത് ആകാനുള്ള മത്സരത്തിന്റെയും അധികാരമോഹത്തിന്റെയും തിന്മയുടെ വക്താക്ക

www.malankaralibrary.com

ളായി മാറുകയാണ് യാക്കോബും യോഹന്നാനും. യേശു പഠിപ്പിച്ചു കൊടുക്കുന്നതിൽ ഭൂരിഭാഗവും ശിഷ്യന്മാർക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല എന്നത് ഈ സംഭവവിവരണത്തിലൂടെയും മർക്കോസ് സുവിശേഷകൻ വ്യക്തമാക്കുന്നു. ശിഷ്യരിൽ പ്രമുഖനായ പത്രോസിന്റെ സ്ഥാനത്തെകൂടി മറികടക്കാനുള്ള ഉദ്യമം ഇവിടെ പ്രകടമാകുന്നുണ്ട്. കാരണം, മർക്കോസ് സുവിശേഷത്തിൽ ശിഷ്യന്മാരിൽ ഒന്നും രണ്ടും മൂന്നുംസ്ഥാനങ്ങൾ യഥാക്രമം, പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവർക്കും അന്ത്രയോസിന് നാലാമത്തെ സ്ഥാനവുമാണല്ലോ നൽകിയിരിക്കുന്നത് (മർക്കോ 3). തങ്ങൾക്ക് രണ്ടും മൂന്നും സ്ഥാനങ്ങൾ പോരാ, ആദ്യസ്ഥാനങ്ങളിൽതന്നെ ആയിരിക്കണം എന്ന ദുർമോഹവും ഇവിടെ നിഴലിക്കുന്നു. മറ്റു പത്തു ശിഷ്യന്മാരുടെ അമർഷവും അവർ ദൈവരാജ്യമൂല്യങ്ങളിൽ നിന്ന് എത്രമാത്രം അകലെയാണെന്ന് വ്യക്തമാക്കുന്നു.

വിജയിയാകാനും ഒന്നാമനാകാനും എന്തുമാകാം എന്ന ലോകമനസ്സാക്ഷിക്ക് കടകവിരുദ്ധമാണ് ദൈവരാജ്യത്തിന്റെ സ്ഥാനനിർണയരീതികൾ. ഒടുവിലത്തേതാകാൻ, ശുശ്രൂഷകനാകാൻ, മറ്റുള്ളവരെ വളർത്തി സ്വയം പുറകോട്ട് മാറാൻ തയ്യാറാക്കുന്നവർ യഥാർഥ മഹത്ത്വം അണിയുന്നവരാകും. അവർ യേശുവിന്റെ രാജ്യത്തിലെ ഒന്നാമൻമാരാകും. ഈ രഹസ്യം മനസ്സിലാക്കുന്നവർ യഥാർഥ ശാന്തിയും സമാധാനവും സ്നേഹത്തിന്റെ സമൃദ്ധിയും ജീവിതത്തിൽ സ്വന്തമാക്കുകയും ഏവർക്കും പകർന്നുകൊടുക്കുകയും ചെയ്യുന്നു. അവരാണ് യേശുവിന്റെ വലതും ഇടത്തുമിരുന്ന് തിരുഹിതം നിറവേറ്റുന്നതിന് ഏവരെയും സഹായിക്കുന്ന യഥാർത്ഥ ശിഷ്യർ.

**ഡോ. സി. ഗ്ലാഡിസ് CMC**

www.malankaralibrary.com

# പ്രസംഗം

## അധികാരത്തെപ്പറ്റി യേശു സങ്കല്പങ്ങൾ

ഈശോയുടെ സ്പെഷൽ സ്ക്വാഡി (പ്രത്യേകസംഘം) ൽപ്പെട്ട വരായിരുന്നു പത്രോസ്, യാക്കോബ്, യോഹന്നാൻ ത്രയം. മറ്റുശി ഷ്യന്മാർക്കു ലഭിക്കാത്ത ചില സൗഭാഗ്യങ്ങൾ ഈ മൂവർക്കും ലഭി ച്ചിരുന്നു. ഈശോ ജായ്റോസിന്റെ മകളെ ഉയിർപ്പിക്കുമ്പോഴും (മർക്കോ 5:37) ഗത്സേമനിയിൽ രൂപാന്തരപ്പെടുമ്പോഴും (മത്താ 17:1–2) ഗത്സേമനിയിൽ പ്രാർഥിക്കുന്ന വേളയിലും (മത്താ 26:36–37) ഈ മൂവർസംഘം അവനോടൊപ്പം ഉണ്ടായിരുന്നു. ഈശോ തെര ഞ്ഞെടുത്ത അപ്പസ്തോലഗണത്തിലെ ആദ്യ നാലാളുകളിൽ മൂന്നു പേർ ഇപ്പറഞ്ഞ വ്യക്തികളായിരുന്നു (മർക്കോ 3:16–17).

ഈ ഗാഢസൗഹൃദത്തിന്റെ ആനുകൂല്യം പ്രയോജനപ്പെടുത്തി ക്കൊണ്ടാവും യാക്കോബും യോഹന്നാനും തങ്ങളുടെ ആഗ്രഹം യേശുവിനെ അറിയിക്കുന്നത്. മറ്റു പലരെയും അവരും കരുതിയി ട്ടുണ്ടാവാം, അവൻ രാജാവായി നാടുവാഴുമെന്ന്. തങ്ങളുടെ ഗുരുവും തങ്ങളോട് ഏറ്റം ചേർന്നുനിന്നവനുമായ ഈശോയുടെ സിദ്ധിവി ശേഷങ്ങളും അത്ഭുതപ്രവർത്തനങ്ങളും അടുത്തുനിന്നുകണ്ടവരായ അവരുടെ ഉള്ളിൽ മോഹമുദിക്കുകയാണ്, ഈശോ രാജാവായാൽ അവന്റെ രാജത്വത്തിൽ തങ്ങൾക്കു താക്കോൽസ്ഥാനം ലഭിക്കണ മെന്ന്. ശിഷ്യത്വത്തിലേക്ക് ഈശോ അവരെ ക്ഷണിച്ചപ്പോൾ തങ്ങ ളുടെ ജീവനോപാധിയായ വഞ്ചിയും വലയും തങ്ങൾക്കു പ്രിയപ്പെ ട്ടവരായ മാതാപിതാക്കളെയും തൽക്ഷണം ഉപേക്ഷിച്ച് അവനെ അനുഗമിച്ചവരാണ് ഇപ്പോൾ അധികാരമോഹികളായി മാറുന്നത്. ശിഷ്യത്വമെന്നാൽ സമ്പൂർണമായ ഉപേക്ഷയാണെന്നും നിത്യജീ വൻ പ്രാപിക്കണമെങ്കിൽ പരിത്യാഗം അനുഷ്ഠിച്ചേ മതിയാകയു ള്ളൂവെന്നും പഠിപ്പിച്ചശേഷം തന്റെ ആസന്നമായ മരണത്തെപ്പറ്റി യുള്ള മൂന്നാമത്തേതും അവസാനത്തേതുമായ പ്രവചനം നടത്തി വിഷാദസാന്ദ്രമായ വേളയിലാണ് യാക്കോബും യോഹന്നാനും ഇങ്ങ നെയൊരു മോഹം അറിയിക്കുന്നത് എന്നോർക്കണം.

www.malankaralibrary.com

ഇതാണ് അധികാരത്തിന്റെ പ്രശ്നം. മോഹമുക്തരെന്നു നാം കരുതുന്ന ആളുകളെപ്പോലും പ്രലോഭനത്തിൽ വീഴ്ത്താനുള്ള വശീകരണശക്തി അതിനുണ്ട്. അധികാരമോഹം തലയ്ക്കുപിടിച്ചുകഴിഞ്ഞാൽ പിന്നെ അതു നേടിയെടുക്കാൻ ഏതു ഹീനതന്ത്രവും കാട്ടാൻ ആളുകൾ മടിക്കാറില്ല. കിട്ടിയ അധികാരം നിലനിർത്താൻ എന്തു വഴിവിട്ട മാർഗവും അവർ സ്വീകരിക്കും. വ്യക്ത്യാധിക്ഷേപങ്ങൾ, സ്വജനപ്രീണനം, ചട്ടലംഘനങ്ങൾ മുതലായവയൊക്കെ അധികാരമോഹത്തിന്റെ ഫലമായി നാം കണ്ടുവരുന്നതാണ്. എത്രയോ യുദ്ധങ്ങൾപോലും അധികാരമോഹത്തിന്റെ ഫലമായി ഉണ്ടായിരുന്നു!

"...ഇതു കേട്ടപ്പോൾ ബാക്കി പത്തുപേർക്ക് യാക്കോബിനോടും യോഹന്നാനോടും അമർഷംതോന്നി" (മർക്കോ 10:42). അധികാരക്കൊതി ബാധിക്കാത്ത ഒരു ശിഷ്യൻപോലും ഉണ്ടായിരുന്നില്ല എന്നു സാരം. ആത്മീയ അധികാരത്തിനുവേണ്ടിപ്പോലും ചേരിതിരിവുകളും കുത്സിതപ്രവർത്തനങ്ങളും നടക്കുന്നത് നാം കാണുന്നുണ്ടല്ലോ. അധികാരം, അറിയാതെതന്നെ മനുഷ്യരെ ദുഷിപ്പിക്കുന്നതുകൊണ്ടാവാം ഈശോ ഒരധികാരസ്ഥാനത്തും കടിച്ചുതൂങ്ങിയില്ല എന്നു മാത്രമല്ല, അധികാരമേ അവൻ വേണ്ടെന്നുവച്ചു. അവനെ രാജാവാക്കാനുള്ള ശ്രമം ഉണ്ടായപ്പോൾ അവൻ തന്ത്രപൂർവം ഒഴിഞ്ഞുമാറുകയാണല്ലോ ചെയ്തത് (യോഹ 6:15).

യേശു ശിഷ്യരുടെ അജ്ഞതയെപ്പറ്റി വീണ്ടും അവരെ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നു. യേശുവിന്റെ മഹത്ത്വത്തിൽ പങ്കുചേരണമെങ്കിൽ അവിടുന്നു കുടിക്കുന്ന പാനപാത്രത്തിൽനിന്നു കുടിക്കുകയും അവൻ ഏൽക്കുന്ന സ്നാനത്തിൽ പങ്കാളികളാവുകയും വേണം. ഈശോ പറയുന്ന പാനപാത്രം പീഡാസഹനവും മരണവുമാണ് (മർക്കോ 14:36). ജോർദ്ദാനിൽ ജലത്തിൽ ഇറങ്ങി സ്നാനം സ്വീകരിച്ച ഈശോ, കാൽവരിയിൽ കുരിശിൽ കയറി രക്തംകൊണ്ടുള്ള സ്നാനം സ്വീകരിക്കുന്നു. ഇതുപോലെയാവണം ക്രിസ്തുശിഷ്യരും.

"ഇതിനു ഞങ്ങൾക്കു കഴിയും" എന്ന് യാക്കോബും യോഹന്നാനും പറയുന്നുണ്ട്. അവർ യേശുവിനോടു ചോദിച്ച ചോദ്യംപോലെതന്നെ നൽകിയ ഉത്തരവും ആലോചിച്ച് ബോധ്യപ്പെട്ട് പറഞ്ഞതല്ല എന്നു കരുതിയതുകൊണ്ടാവും അവിടുന്ന് പറയുന്നത് സ്വർഗരാജ്യത്തിലെ സ്ഥാനങ്ങൾ വിഭജിച്ചു നൽകുന്നത് പിതാവായ ദൈവ

www.malankaralibrary.com

ത്തിന്റെ നിശ്ചയമാണെന്ന്. അവർ ചെയ്യേണ്ടത്, ദൈവദത്തമായി നൽകപ്പെട്ട കർമങ്ങൾ നിസ്വാർഥമായി ചെയ്യുകയാണ്.

അധികാരത്തെപ്പറ്റിയുള്ള ആത്മീയ ദർശനങ്ങൾ നൽകുന്ന താണ് ഇന്നത്തെ വേദഭാഗം. തനിക്കു വേണ്ടപ്പെട്ടവർ അധികാര സ്ഥാനത്തുവന്നുകൊള്ളട്ടെ എന്ന ചിന്ത ഈശോയ്ക്കില്ല. അധികാ രത്തിനുവേണ്ടി പാദസേവ നടത്തുന്നവർക്കും പ്രീണന പ്രിയർക്കും അവൻ താക്കീതാവുന്നു.

ശിഷ്യന്മാർ അതുവരെ കണ്ടിട്ടുള്ളത് അധികാരി മറ്റുള്ളവർക്കു മേൽ അധീശത്വം നടത്തുന്നതാണ്. എന്നാൽ ഈശോ പ്രബോധി പ്പിക്കുകയും സ്വജീവിതത്തിലൂടെ കാണിച്ചുകൊടുക്കുകയും ചെയ്ത ത്, അധികാരം ശുശ്രൂഷിക്കാനുള്ളതാണ് എന്ന കാര്യമാണ്. ആ ശുശ്രൂഷയാവട്ടെ, ദാസൻ ചെയ്യുന്നതിലും ഉപരിയായി അടിമ മനോ ഭാവത്തോടെ ചെയ്യണംതാനും. ശിഷ്യന്മാരുടെ ചെളിപുരണ്ട പാദ ങ്ങൾ കഴുകി (യോഹ 13:4-5) വളരെ പ്രകടമായവിധത്തിൽ അവൻ തന്റെ നിലപാട് വ്യക്തമാക്കി. ശിഷ്യനായിരിക്കുക എന്നാൽ മറ്റുള്ള വരേക്കാൾ വലിയവനായിരിക്കുക എന്ന തെറ്റായ അറിവിൽനിന്ന് ശിഷ്യത്വമെന്നത് സഹനജീവിതമാണെന്നും മറ്റുള്ളവർക്കായി ബലി യായിത്തീരേണ്ട ജീവിതമാണെന്നുമുള്ള ശരിയായ അറിവിലേക്ക് ഈശോ അവരെ നയിച്ചു.

ഈ അറിവു നൽകിയ ബോധ്യം പിന്നീട് ശിഷ്യന്മാരുടെ ജീവി തത്തിൽ നാം കാണുന്നുണ്ട്. ഒന്നാം സ്ഥാനം ആഗ്രഹിച്ചുവന്ന യാ ക്കോബ് ഈശോയുടെ മരണത്തിനുശേഷം പന്ത്രണ്ടുവർഷം കഴി ഞ്ഞപ്പോൾ ഒന്നാമത്തെ രക്തസാക്ഷിയായി (അപ്പ 12:2). ഹേറോ ദേസ് യാക്കോബിനെ ജറുസലമിൽ വാളിനിരയാക്കി. യോഹന്നാ നൊഴികെ എല്ലാ അപ്പസ്തോലന്മാരും രക്തസാക്ഷിത്വം വരിക്കയാ ണുണ്ടായത്. യോഹന്നാനെ തിളയ്ക്കുന്ന എണ്ണയിലേക്കെറിഞ്ഞെ ങ്കിലും അവിടെനിന്ന് അവൻ അത്ഭുതകരമായി രക്ഷപെട്ടു. ക്രിസ്തു നാമത്തിൽ പ്രസംഗിച്ചതിന് അവനെ പ്രഹരിച്ചതായി അപ്പസ്തോ ലപ്രവർത്തനങ്ങൾ 5-ാം അധ്യായം 20-ാം വാക്യം സാക്ഷ്യപ്പെടു ത്തുന്നു. പിന്നീട് യോഹന്നാനെ പാത്മോസ് ദ്വീപിലേക്കു നാടുകട ത്തുകയുണ്ടായി. അങ്ങനെ, "നീ തരുന്ന പാനപാത്രം ഞങ്ങൾ കുടിക്കാം; മുങ്ങുന്ന മാമ്മോദീസ ഞങ്ങൾ മുങ്ങാം" എന്ന് അവർ പറഞ്ഞത് നിറവേറി.

www.malankaralibrary.com

അധികാരമെന്നാൽ സ്വേച്ഛാധിപത്യമാണെന്നും തന്നിഷ്ടം നടത്തുന്നതുമാണെന്നുമൊക്കെ ധരിച്ചവരായിരുന്നു ലോകത്ത്. അധികാരത്തെപ്പറ്റിയുള്ള യേശു സങ്കല്പങ്ങൾ നമ്മളിൽ ആഴപ്പെടുത്താൻ നമുക്ക് പ്രാർഥിക്കാം.

**ഫാ. മാർട്ടിൻ പ്രേമാനന്ദ് OIC**

www.malankaralibrary.com



**സെപ്തംബർ 04**
**തേജസ്കരണശേഷം 5-ാം ഞായർ**

# ഭാഷ്യം

## ലൂക്കാ 18:18-30

## സന്ദർഭം

യേശുവിന്റെ പ്രസിദ്ധമായ ജറുസലെം യാത്ര ഏതാണ്ട് അവസാനിക്കാറായി. യാത്രയിലുടനീളം സനാതന സത്യങ്ങൾ പഠിപ്പിച്ചും രോഗികളെ സുഖപ്പെടുത്തിയും ആത്മീയതയുടെ പൊള്ളത്തരങ്ങൾ തിരുത്തിയും യേശു തന്റെ ദൈവരാജ്യ ദർശനങ്ങൾ വെളിപ്പെടുത്തി. മനസ്സ് തളരാതെ വിശ്വാസം കാത്തുസൂക്ഷിക്കാനും അനുതാപത്തോടെ പ്രാർഥിക്കാനും 18-ാം അധ്യായത്തിന്റെ ആദ്യഭാഗത്ത് പഠിപ്പിച്ചു. ദൈവരാജ്യത്തിൽ ആരും ചെറുതല്ല, മാറ്റി നിർത്തേണ്ടവരല്ല എന്ന് ശിശുക്കളെ തൊട്ടനുഗ്രഹിക്കുന്നതിലൂടെ യേശു വെളിവാക്കി (18:15-15-17). തുടർന്നാണ് യേശുവിന്റെ ശിഷ്യത്വത്തിനും നിത്യരക്ഷയ്ക്കും അനിവാര്യമായ ഒരു പാഠം നൽകുന്ന ഇന്നത്തെ വചനഭാഗം നല്കപ്പെടുന്നത്.

## സാരം

മനുഷ്യജീവിതത്തിന് നിർണായക സ്വാധീനമുള്ള സമ്പത്ത്, ചിലപ്പോൾ നിത്യജീവനുള്ള തടസ്സവും എന്നാൽ മറുവശത്ത് താക്കോലും ആകാം എന്ന് പഠിപ്പിക്കുന്നതാണ് വചനഭാഗത്തെ പ്രധാന പ്രമേയം.

www.malankaralibrary.com

## സന്ദേശം

1. 'ഒരധികാരി' ആണ് നിത്യജീവിതത്തിനുള്ള വഴി തേടുന്നത്. മർക്കോസിലും മത്തായിയിലും ഒരാൾ എന്നേയുള്ളൂ. സിനഗോഗ് അധികാരിയോ ഫരിസേയപ്രമാണികളിലാരെങ്കിലുമോ ആകാം ചോദ്യകർത്താവ്. ചോദ്യത്തിന്റെയും ചർച്ചയുടെയും സാഹചര്യത്തിലാണ് യേശുവിന്റെ പഠനങ്ങൾ കടന്നുവരുന്നത്. ഇവിടെ യേശുവിനെ വിമർ ശനാത്മകമായി കാണുന്നവരുടെ പ്രതിനിധിയായാണ് ലൂക്കാ ചോദ്യകർത്താവിനെ അവതരിപ്പിക്കുന്നത്. 'നല്ലവൻ' എന്ന വിശേഷണം സാധാരണഗതിയിൽ ദൈവത്തിനാണ് നൽകുന്നത്. ഇവിടെ പരിഹാസമോ, അതിവിശേഷണമോ ആകാം. അതുകൊണ്ട് അതിനെ തിരുത്തിക്കുറിക്കുന്നുണ്ട്. ചോദ്യമോ ചർച്ചകളോ, ഏതുപക്ഷത്തുനിന്നും ആകട്ടെ, യേശു എല്ലാവർക്കും പ്രത്യുത്തരം നൽകുന്നുണ്ട്. അവരുടെ വരവും ചോദ്യങ്ങളും ഇടപെടലും ദൈവരാജ്യ പ്രഘോഷണത്തിനുള്ള വേദിയാക്കി യേശു മാറ്റുന്നുണ്ട്. നമുക്കും തുറന്നുകിട്ടുന്ന എല്ലാ അവസരങ്ങളും സുവിശേഷ വെളിച്ചം നൽകാൻ ഉപകരിക്കട്ടെ.

2. 'നിനക്ക് ഒരു കുറവുണ്ട്' അധികാരിയോട് യേശു പറയുന്ന ഈ വചനം, നമ്മളോടുംകൂടിയാണ്. പ്രമാണങ്ങളും അനുഷ്ഠാനങ്ങളും കുറ്റമറ്റവിധം ചെറുപ്പംമുതലേ പാലിച്ചുകൊണ്ട് ജീവിച്ചാലും നമ്മൾ പൂർണരല്ല എന്ന ബോധ്യം യേശു നൽകുകയാണ്. അവന്റെ കുറവ് എന്താണെന്ന് യേശു അവന് ചൂണ്ടിക്കാണിച്ചുകൊടുത്തു. പലപ്പോഴും നമ്മുടെ അനുദിനജീവിതം വലിയ പ്രശ്നങ്ങളൊന്നുമില്ലാതെ, കുടുംബത്തിലോ, സമൂഹത്തിലോ ആർക്കും ഒരു പ്രശ്നമാകാതെ പ്രമാണങ്ങളും കൂദാശകളും ഒക്കെ മുറതെറ്റാതെ അനുസരിച്ച് ജീവിക്കുന്ന ഒരു ശരാശരി ക്രിസ്ത്യാനി, ഇനി തനിക്കൊന്നും പ്രത്യേകിച്ച് ചെയ്യാനില്ല എന്നും ഏതാണ്ട് പൂർണനായ ഒരു ചിന്തയിലൂടെയാണ് കടന്നുപോകുന്നത്. ഇവിടെ യേശുവിന്റെ മുന്നറിയിപ്പ്; നമ്മളിലെല്ലാം പരിഹരിക്കപ്പെടേണ്ട ചില കുറവുകൾ ഉണ്ടെന്നോർക്കാം. നാം തന്നെ കണ്ടെത്തുക, പ്രാർഥനയിലൂടെ, ഗുരു, സുഹൃത്ത്, ഉപദേശത്തിലൂടെ അവ കണ്ടെത്താനും ശ്രമിക്കുക. ആ കുറവ് നികത്താനുള്ളതാകട്ടെ നമ്മുടെ ഇനിയുള്ള കാലയളവ്.

www.malankaralibrary.com

3. മനുഷ്യർക്ക് അസാധ്യമായത് ദൈവത്തിന് സാധ്യമാണ്. മംഗളവാർത്തയിൽ മാലാഖ ഉരുവിട്ട വചനംതന്നെ (1:37) ഇവിടെ ആവർത്തിക്കപ്പെടുന്നു. പുരുഷബന്ധമില്ലാതെ ഗർഭം ധരിക്കുന്നതാണിവിടുത്തെ വിഷയമെങ്കിൽ ഇവിടെ സമ്പന്നന്റെ മാനസാന്തരമാണ്. ഇതിനകം പല പ്രാവശ്യം സമ്പന്നന്റെ ഹൃദയകാഠിന്യവും സ്വാർഥതയും വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്. ഭോഷനായ ധനികനും (12:13-21) ധനവാന്റെയും ലാസറിന്റെയും കഥ (16:19-31) വരെ നാം കണ്ടതാണ്. സമ്പത്ത് ഉപേക്ഷിക്കുക മാത്രമല്ല, അത് ദരിദ്രർക്ക് ദാനം ചെയ്യുക എന്നത് വലിയ വെല്ലുവിളിയാണ്. നാളിതുവരെ അനുഭവിച്ച ആർഭാടങ്ങളും സ്ഥാനമാനങ്ങളും വേണ്ടെന്നുവയ്ക്കാൻ ഈ ധനികനും പ്രയാസമുണ്ടായി. എന്നാൽ യേശു പറഞ്ഞു, മാനുഷികമായി അസാധ്യമെന്ന് തോന്നുന്നത് ദൈവം ഇടപെട്ടാൽ സാധ്യമാകും. സഖേവൂസിന്റെ കാര്യത്തിൽ, യേശുസമ്പർക്കത്തിലൂടെ സംഭവിച്ചത് അതുതന്നെയാണ്. ഇന്നും നമുക്ക് പ്രിയപ്പെട്ട വസ്തുക്കളോ, സ്ഥാനമാനങ്ങളോ, വ്യക്തികളോ ഒക്കെ തടസ്സമാകുന്നെങ്കിൽ, അവയെ ഉപേക്ഷിക്കാൻ യേശു അനുഭവത്തിലേക്ക് നാം വളരണം. ഫ്രാൻസിസ് അസ്സീസി തുടങ്ങി പലരും അതിന് തയ്യാറായ ത് അവർ ദൈവത്തെ അറിഞ്ഞതുകൊണ്ടാണ്.

**ഡോ. ജേക്കബ് മുല്ലൂർ**

www.malankaralibrary.com

# പ്രസംഗം

## നിത്യജീവൻ എന്ന സത്യജീവൻ

Guy H Lockwood എഴുതിയ ശ്രദ്ധേയമായ ഗ്രന്ഥമാണ് How to live 100 years. ദീർഘായുസ്സ് ആഗ്രഹിക്കുകയും ആയതിനായി വ്യഗ്രതപ്പെടുകയും ചെയ്യുന്നവർക്ക് ഒരുവട്ടമെങ്കിലും ഒന്നു ഓടിച്ചു വായിച്ചുനോക്കാവുന്ന പുസ്തകമാണിത്. ദീർഘായുസ്സിന്റെ അടിവേരു തേടിയുള്ള നെട്ടോട്ടങ്ങളിൽ പ്രതീക്ഷയ്ക്കു വക നൽകുന്നതായിരിക്കാം ഒരുപക്ഷേ, ഈ ഗ്രന്ഥത്തെ ശ്രദ്ധേയമാക്കിയ ഘടകം. മനുഷ്യനെ സർവേശ്വരൻ പരീക്ഷിക്കുന്നത് മൂന്നു ചിന്തകളാലാണ്. ഒന്ന്, എന്നും മറ്റുള്ളവരോടോത്തു കഴിയുക. രണ്ട്, മരിക്കുന്ന നാൾ വരെ മനസ്സുനിറയെ ആഗ്രഹങ്ങളുമായി കഴിയുക. മൂന്ന്, ഒരിക്കലും മരിക്കാതിരിക്കാൻ ആഗ്രഹിക്കുക... ഈ പരീക്ഷണങ്ങളിൽ എത്ര പേർ വിജയികളായിട്ടുണ്ട് എന്നറിയില്ല. എങ്കിലും മനുഷ്യജീവിതത്തെ അനുദിനം കരുപിടിപ്പിക്കുന്ന ചില ഹരിതകണങ്ങൾ ഈ ചിന്തകളിൽ പൂത്തുലഞ്ഞു നിൽക്കുന്നത് നമുക്ക് കണ്ടെത്താനാകും.

യേശുവിന്റെ പരസ്യശുശ്രൂഷയിൽ അവനെ അനുഗമിക്കാൻ അതിയായി ആഗ്രഹിച്ചു അടുത്തുചെന്ന അനേകരിൽ ധനികനും പ്രമാണിയുമായ ഒരു യുവാവ് പ്രത്യേകം ശ്രദ്ധേയനായിത്തീർന്നു. യേശു യാത്ര ചെയ്യുമ്പോൾ ഏറെ ആവേശത്തോടെ ഓടിയെത്തി യേശുവിന്റെ മുമ്പിൽ മുട്ടുകുത്തി അവൻ ചോദിച്ചു: 'നല്ല ഗുരോ, നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തുചെയ്യണം?' വ്യഭിചാരം ചെയ്യരുത്, കൊല ചെയ്യരുത്, മോഷ്ടിക്കരുത്, കള്ളസാക്ഷ്യം പറയരുത്, നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക തുടങ്ങിയ കല്പനകൾ കർത്താവ് അവനെ ഓർമപ്പെടുത്തുന്നുണ്ട്. അപ്പോൾ അവയെല്ലാം ചെറുപ്പം മുതലേ താൻ അനുഷ്ഠിച്ചുവരുന്നതായി അവൻ യേശുവിനെ അറിയിക്കുന്നു. എന്നാൽ തന്നെ അനുഗമിക്കുന്നതിന് തടസ്സമായി ധനികനായ ആ ചെറുപ്പക്കാരന്റെ ജീവിതത്തിൽ ഉണ്ടായിരുന്ന ഒരു കുറവ് കർത്താവ് ചൂണ്ടിക്കാട്ടി. അവനുള്ളതൊക്കെയും വിറ്റ് ദരിദ്രർക്ക് വിഭജിച്ചു കൊടുത്തശേഷം തന്നെ അനുഗമിക്കാൻ യേശു അവനോടു പറഞ്ഞു. തന്റെ ധനമെല്ലാം ദരിദ്രർക്ക് വിഭജിച്ചു കൊടുത്താൽ അവനും ദരിദ്രനായി തീരുമെന്നും അതോടെ ഒരു പ്രമാണിയായ തനിക്ക് സമൂഹത്തിലുള്ള സ്വാധീനവും സ്ഥാനമാന

www.malankaralibrary.com

ങ്ങളും എന്നേക്കുമായി നഷ്ടപ്പെടുമെന്നും അവൻ ഭയപ്പെട്ടു. നഷ്ടപ്പെടുത്തി നേടാൻ തയ്യാറല്ലാത്തതുകൊണ്ടു അവനു യേശുവിനെ അനുഗമിക്കാൻ കഴിഞ്ഞില്ല എന്നു ഒരു നെടുവീർപ്പോടെ നാം വായിച്ചവസാനിപ്പിക്കുന്നു.

പണവും ജീവിതസൗകര്യങ്ങളും കിട്ടിയാൽ ജീവിതത്തിൽ എല്ലാമായി എന്നു കരുതുന്നവർക്ക് റോക്ക് ഫെല്ലർ എന്ന വലിയ കോടീശ്വരനാണ് മാതൃക. 1839-ൽ ജനിച്ച് 1937- ൽ ഇഹലോകവാസം വെടിഞ്ഞ അമേരിക്കൻ കോടീശ്വരനായിരുന്നു അദ്ദേഹം. ലോകപ്രശസ്ത സ്റ്റാൻഡേർഡ് ഓയിൽ കമ്പനിയുടെ ഉടമയായിരുന്നു റോക്ക് ഫെല്ലർ. അമ്പത്തിമൂന്നാം വയസ്സിൽ മാരകമായ രോഗം ബാധിച്ച് മരണാസന്നനായ ഫെല്ലർ വലിയ സങ്കടത്തിലും നിരാശയിലുമായിരുന്നു. അദ്ദേഹത്തെ ചികിൽസിച്ച ലോകപ്രശസ്തരായ ഡോക്ടർമാരെല്ലാം ഓരോരുത്തരായി തോറ്റു പിന്മാറി. അങ്ങനെ നിരാശയിൽ കഴിയവേ പേരും പ്രശസ്തിയും ഇല്ലാത്തൊരു വൈദ്യൻ അദ്ദേഹത്തിന്റെ രോഗവിവരം അറിഞ്ഞു അദ്ദേഹത്തെ സന്ദർശിച്ചു. കാര്യങ്ങൾ ഓരോന്നായി ചോദിച്ചു മനസ്സിലാക്കിയ അദ്ദേഹം ഫെല്ലറോട് പറഞ്ഞു : 'താങ്കൾ ധനത്തോടുള്ള അമിതാസക്തി വെടിഞ്ഞ് മറ്റുള്ളവർക്ക് സ്നേഹവും സന്തോഷവും പകർന്നു നൽകുക, സൗഖ്യം വരും'. ഫെല്ലർ ജീവിക്കാൻതന്നെ തീരുമാനിച്ചു. സമ്പത്തിനോടും സ്ഥാനമാനങ്ങളോടും അദ്ദേഹത്തിന് ഉണ്ടായിരുന്ന ആസക്തി കുറയാൻ തുടങ്ങി. അതിനായി അദ്ദേഹം വലിയ പരിശ്രമംതന്നെ നടത്തി. രോഗം മാറി സൗഖ്യപ്പെട്ട റോക്ക് ഫെല്ലർ തന്റെ വലിയ സമ്പാദ്യത്തിൽനിന്നും 2000 കോടി ഡോളർ കാരുണ്യപ്രവർത്തനങ്ങൾക്ക് ഏല്പിച്ചു.

ചിലതെല്ലാം ജീവിതത്തിൽ ബോധപൂർവം നഷ്ടപ്പെടുത്താൻ തീരുമാനിക്കുമ്പോഴാണ് ശ്രേഷ്ഠമായത് പലതും നമുക്ക് നേടാൻ കഴിയുന്നത്. നന്മയുടെ കൊടുക്കൽ വാങ്ങലാണ് ക്രിസ്തീയത എന്നു പറയുന്നത്. യഥാർഥ ക്രിസ്തീയത പിറവിയെടുത്തത് ക്രിസ്തുവിൽ നിന്നാണല്ലോ. സകല നന്മകളുടേയും ഉറവിടമായ ക്രിസ്തു തന്നെയാണ് നന്മയുള്ള ജീവിതത്തിന്റെ പ്രായോഗിക മാർഗനിർദേശങ്ങളടങ്ങിയ കൈപ്പുസ്തകം. നന്മയുള്ളവരാകണമെങ്കിൽ മറ്റുള്ളവരിലെ നന്മ കാണാൻ കഴിവുള്ളവരാകണമെന്ന ഓർമപ്പെടുത്തലും ക്രി

www.malankaralibrary.com

സ്തു പങ്കുവയ്ക്കുന്നുണ്ട്. മറ്റുള്ളവരെ കാര്യസാധ്യത്തിനുള്ള കൈവഴികളും കുറുക്കുവഴികളുമായി മാത്രം കാണുന്നവർക്കുള്ള സ്നേഹപൂർവമായ താക്കീത് കൂടിയാണിത്. കാരണം നന്മ എന്നത് ദൈവസ്വഭാവമാണ് (സങ്കീ 25:8, നാഹൂം 1:7, മത്താ 19:17).

നല്ലവനായ ഗുരോ നിത്യജീവൻ പ്രാപിക്കാൻ ഞാൻ എന്തു ചെയ്യണം? എന്നു ചോദിച്ചവനോട് വ്യക്തിതലത്തിലും കുടുംബജീവിതത്തിലും അയൽബന്ധങ്ങളിലും സാമൂഹിക ജീവിതത്തിലും പാലിക്കേണ്ട ഉത്തരവാദിത്തങ്ങളെക്കുറിച്ചാണ് യേശുക്രിസ്തു ഓർമപ്പെടുത്തിയത്. നിത്യജീവൻ അവകാശമാക്കാൻ ദൈവത്തോടും മനുഷ്യനോടും ഉത്തരവാദിത്തങ്ങളോടും നീതിപുലർത്തുക എന്നുള്ളതാണ് പരമപ്രധാനമായിട്ടുള്ളത്. അങ്ങനെ ത്രിവിധ ബന്ധങ്ങളിൽ നീതിപുലർത്തിയ ഗുരുവിന്റെ സമക്ഷമാണ് ആ യുവാവ് നിത്യജീവൻ അന്വേഷിക്കുന്നത് എന്നുള്ളതും ശ്രദ്ധേയമാണ്. യോഹന്നാന്റെ സുവിശേഷം അടിവരയിടുന്നത് ഇക്കാര്യമാണ്. 'യേശുക്രിസ്തുവിനെ അറിയുന്നതുതന്നെ നിത്യജീവൻ' (യോഹ 17:3). ക്രിസ്തു ആരെന്ന് അറിയുന്നതിലൂടെയാണ് നിത്യജീവൻ കരഗതമാകുന്നത്. സെന്റ് അഗസ്റ്റിൻ പറയുന്നത്: 'ക്രിസ്തു മറ്റുള്ളവർക്കു വേണ്ടിയുള്ള കൂദാശയാണ്' എന്നാണ്. എന്താണ് ക്രിസ്തുവിനെ ഒരു കൂദാശയുടെ വിശുദ്ധിയിലേയ്ക്ക് ചേർത്തുവയ്ക്കുന്നത്? അവൻ മറ്റുള്ളവർക്കുവേണ്ടി മുറിക്കപ്പെട്ട അപ്പമാണ്. ഇന്നും കൂദാശയുടെ നിറവിൽ അവൻ മുറിക്കപ്പെടുന്നു. മനുഷ്യകരങ്ങളിൽ എടുക്കാൻതക്കവണ്ണം അവൻ അത്രയ്ക്ക് ചെറുതാകുന്നു. ചെറുതാകുന്നതിലൂടെ വലുതാകുന്ന മഹാരഹസ്യമായി അവൻ രൂപാന്തരം പ്രാപിക്കുന്നു. 'ഞാൻ അവയ്ക്ക് നിത്യജീവൻ കൊടുക്കുന്നു' (യോഹ 10:28). ക്രിസ്തു ലോകത്തിനു മുമ്പിൽ തുറന്നുവച്ച നിത്യജീവന്റെ വഴിയിൽ ദൈവസ്നേഹവും മനുഷ്യസ്നേഹവും സമഞ്ജസമായി സമ്മേളിക്കുന്നു. മറ്റുള്ളവർക്കു വേണ്ടി എല്ലാമെല്ലാമാകുന്ന നല്ലിടയനായി (A man for others) അവൻ നമുക്കുമുമ്പേ നടക്കുന്നു. കുഷ്ഠരോഗിയെ സ്പർശിക്കാനും സുഖപ്പെടുത്താനും അന്ധന്റെ കണ്ണിൽ ചേറ് പുരട്ടി കാഴ്ച കൊടുക്കാനും മുടന്തന്റെ കൈപിടിച്ച് നടത്താനും സ്നേഹിതനായ ലാസറിന്റെ കല്ലറയിൽ കണ്ണീർവാർക്കാനും സഹോദരിമാരുടെ ദുഃഖത്തിൽ പങ്കുചേരാനും പാപിനിയോട് പൊറുക്കാനും കരുണ കാണിക്കാനും അവ

www.malankaralibrary.com

ൻ മുമ്പിൽതന്നെ ഉണ്ടായിരുന്നു. Alan Lukes തന്റെ 'The Healing Power of Doing Good' എന്ന ഗ്രന്ഥത്തിൽ പറയുന്നതുപോലെ സ്നേഹ വും സൗഹൃദവും സേവനവുമാണ് ഏറ്റവും ശക്തമായ രോഗനിവാര ണമാർഗം.

"ഞാൻതന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹ 11:25) എന്ന് തിരു വായ് മൊഴിഞ്ഞ സാക്ഷാൽ നിത്യജീവനായ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തു വിശ്വാസത്തെതന്നെയാണ് നിത്യ ജീവന്റെ ആധാരമായി എടുത്തുപറയുന്നത്. അതുകൊണ്ട് നിത്യ ജീവൻ പ്രാപിക്കാൻ ആഗ്രഹിക്കുന്നവൻ വിശ്വാസജീവിതത്തിൽ സ്ഥിരപ്പെട്ടവനായിരിക്കണം എന്നു സാരം. ദൈവത്തോളം ഉയരുന്ന ആത്മീയത സഹചരിലേയ്ക്ക് പടർന്നുപന്തലിക്കുന്നതുമാകണം.

**ഫാ. ഏലിയാസ് ഐപ്പ് പാറയ്ക്കൽ**

www.malankaralibrary.com



## സെപ്തംബർ 08
## വിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ

# അമ്മ

പ്രകൃതിയിലെ കൗതുകങ്ങളിലൊന്ന്, ലോകത്തിലെ എല്ലാ ജീവികൾക്കും ശൈശവാരിഷ്ടതകൾ അതിജീവിച്ചു മുന്നേറാൻ ഒരു 'നർച്ചറർ', ഒരു പരിപാലിക ഉണ്ടെന്നതാണ്. ആ പരിപാലികയെ നമ്മൾ അമ്മ എന്നുവിളിക്കുന്നു. ചെറുതും വലുതുമായ ജീവികളെ എടുക്കുക; സ്വന്തം കാലിൽ നിൽക്കാനാവുന്നതുവരെ അതിനെ അമ്മ അനുധാവനം ചെയ്യുന്നു. ഒരു പക്ഷി കുഞ്ഞുങ്ങൾക്കാവശ്യമായ കൂട് നിർമിക്കുന്നതുമുതൽ അവയെ പറപ്പിക്കാൻ പരിശീലിപ്പിക്കുന്നതുവരെ എത്രമാത്രം നൈസർഗീകമായ വാസനയാണ് പ്രകടമാക്കുന്നത്! അമ്മയുടെ സഹജമായ പരിചരണമില്ലെങ്കിൽ ഒരു ജീവിയും അതിന്റെ ആദ്യകാല ബലഹീനതകളെ അതിജീവിക്കുകയില്ല.

മറ്റേതു ജീവികളെക്കാളും പരസഹായം ഏറെ ആവശ്യമുള്ള ബാല്യം മനുഷ്യരുടേതാണ്. പരിചരിക്കാനൊരാളില്ലാതെ ഒരു മനുഷ്യനും തന്റെ ശൈശവം കടന്നുകൂടുകയില്ല. ശാരീരികവളർച്ചയുടെ ഒരു ഘട്ടത്തിൽ ഒരു സഹായിയെ മനുഷ്യനാവശ്യമായിരിക്കുന്നതുപോലെ അവന്റെ ആത്മീയവും ധാർമികവുമായ വളർച്ചയ്ക്കും ഒരു സഹായി ആവശ്യമാണ്.

ബൈബിളിൽ മനുഷ്യന്റെ ചരിത്രമാരംഭിക്കുന്നതുതന്നെ മനുഷ്യകുലത്തിന് മുഴുവൻ ദൈവം ഒരമ്മയെ നൽകി എന്നു സൂചിപ്പിച്ചുകൊണ്ടാണ്. ഉത്പത്തി പുസ്തകം അതിങ്ങനെയാണ് അവതരിപ്പിക്കുന്നത്: "ആദം തന്റെ ഭാര്യയെ 'ഹവ്വ' എന്നുവിളിച്ചു; കാരണം, അവൾ ജീവനുള്ള എല്ലാവരുടെയും മാതാവായിരുന്നു" (ഉത്പ 3:20). മനുഷ്യന്റെ ആത്മീയവും ധാർമികവുമായ വളർച്ചയെ സ്വാധീനിക്കേണ്ടിയിരുന്ന ആ അമ്മയ്ക്ക് പക്ഷെ ഒരു വീഴ്ചയുണ്ടായി. ബലഹീനമായ ഒരു നിമിഷത്തിൽ തന്റെ ശരീരത്തിന്റെ തൃഷ്ണയ്ക്ക് വഴിപ്പെട്ടുപോയി എന്നതാണ് അത്. വരാനിരിക്കുന്ന എല്ലാ മനുഷ്യരുടെയും ആത്മീയപൂർണതയ്ക്ക് ആ വീഴ്ച കാരണമായി. പാപത്തിന്റെ ആ പാശത്തിൽപെട്ട് കാലങ്ങൾ ഏറെ കടന്നുപോയി. മനുഷ്യനുമുന്നിൽ പറുദീസ അടഞ്ഞുകിടന്നു. നഷ്ടസ്വർഗം തിരികെ

www.malankaralibrary.com

ലഭിക്കാൻ ആദ്യത്തെ പാപത്തെ റദ്ദുചെയ്യുന്നൊരു പരിഹാരബലി ആവശ്യമായി വന്നു. ആ ബലി അർപ്പിക്കാൻ കെൽപ്പുള്ളൊരാളായി ദൈവം കണ്ടെത്തിയത് തന്റെ പുത്രനെതന്നെയാണ്. ഒരു മഹാപുരോഹിതന്റെ സ്ഥാനത്തുനിന്ന് പാപപരിഹാരത്തിന്റെ ആത്മബലി പുത്രൻ അർപ്പിച്ചതോടെ പുതിയൊരു യുഗത്തിന് തുടക്കമായി. ആദ്യപാപത്തിന്റെ കറയില്ലാതെ ആരംഭിക്കുന്ന ആ പുതുയുഗത്തിന്റെ സന്താനങ്ങളെ നയിക്കാൻ മറ്റൊരമ്മയെ ആവശ്യമായി വന്നു. ആ അമ്മയെകൂടി നൽകിക്കൊണ്ടാണ് പുത്രൻ തന്റെ പരിഹാരബലി പൂർത്തിയാക്കിയത്. രണ്ടാം ഹവ്വയുടെ അവരോധത്തിന് യോഹന്നാനാണ് സാക്ഷി. അത് അദ്ദേഹം വിവരിക്കുന്നതിങ്ങനെയാണ്: “യേശു തന്റെ അമ്മയും താൻ സ്നേഹിക്കുന്ന ശിഷ്യനും അടുത്തുനിൽക്കുന്നതുകണ്ട് അമ്മയോടു പറഞ്ഞു: സ്ത്രീയേ, ഇതാ നിന്റെ മകൻ. അനന്തരം അവൻ ശിഷ്യനോടു പറഞ്ഞു, ഇതാ നിന്റെ അമ്മ.”

യോഹന്നാന് വ്യക്തിപരമായല്ല ക്രിസ്തു മറിയത്തെ അമ്മയായി നൽകുന്നത്. ഇനി വരാനിരിക്കുന്ന എല്ലാ ക്രിസ്തുശിഷ്യന്മാർക്കുമായാണ്. എന്തെന്നാൽ ‘യോഹന്നാനോട്’ അവൻ ഇതാ നിന്റെ അമ്മ എന്നു പറഞ്ഞു എന്നല്ല; ‘അവൻ ശിഷ്യനോട് പറഞ്ഞു എന്നാണ് സുവിശേഷം രേഖപ്പെടുത്തിയിരിക്കുന്നത്. എല്ലാകാലത്തുമുണ്ടാകാൻപോകുന്ന ശിഷ്യരുടെ പ്രതിനിധിയാണ് യോഹന്നാൻ. “അപ്പോൾമുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു” എന്നെഴുതിക്കൊണ്ടാണ് വികാരതീവ്രമായ ആ രംഗം അവസാനിപ്പിക്കുന്നത്. കുരിശിൽവച്ച് ക്രിസ്തു മനുഷ്യർക്ക് നൽകുന്നത് രണ്ടു കാര്യങ്ങളാണ്, ഒന്ന്; മനുഷ്യന്റെ രക്ഷ. രണ്ട്; രക്ഷയുടെ വഴിയിലൂടെ മനുഷ്യനെ കൈപിടിച്ചു നടത്താൻ ഒരമ്മ. മനുഷ്യന് ദൈവം നൽകിയ പറുദീസയിലേക്കുള്ള വാതിൽ ആദ്യ ഹവ്വായുടെ അനാസ്ഥകൊണ്ട് അടഞ്ഞുപോയെങ്കിൽ, ക്രിസ്തു തുറന്നുതന്ന രക്ഷയുടെ വാതിലിലൂടെ ഇടറിപ്പോകാതെ കൈപിടിച്ചുനടത്തുന്നത് രണ്ടാമത്തെ ഹവ്വയെന്ന മറിയമാണ്. മാതൃത്വത്തിന് സഹജമായ മധ്യസ്ഥതയുടെ സ്ഥാനം കൂടി ദൈവം മറിയത്തിന് നൽകിയിട്ടുണ്ട്. “ദൈവത്തിനും മനുഷ്യർക്കുമിടയിൽ മധ്യസ്ഥനായി ഒരുവനേയുള്ളൂ കർത്താവായ യേശുക്രിസ്തു” (1 തിമോ 2:5). പൗലോസ് ശ്ലീഹായുടെ സാക്ഷ്യമാണിത്. എന്നാൽ ദൈവത്തിനും മനുഷ്യർക്കുമിടയിലുള്ള മധ്യസ്ഥനെപോലും സ്വാധീനിക്കാൻ കഴിവുള്ളവളാണ് മറിയം. കാനായിലെ കല്ല്യാണമാണ് അതിന് തിളക്കമുള്ള സാക്ഷ്യം.

www.malankaralibrary.com

വിരുന്നിന് വീഞ്ഞുതീർന്നുപോകുകയെന്നത് നാട്ടുകാർക്ക് എന്നും പറഞ്ഞു പരിഹസിക്കാവുന്ന ഒരു പിടിപ്പുകേടാണ്. ആതിഥേയന്റെ ആത്മാഭിമാനം ക്ഷതപ്പെടാതിരിക്കാൻ തന്റെ പുത്രന് എന്തെങ്കിലും ചെയ്യാൻ കഴിയും എന്ന വിശ്വാസംകൊണ്ടാണ് 'അവർക്ക് വീഞ്ഞില്ല' എന്ന് മറിയം ക്രിസ്തുവിനോട് പറഞ്ഞത്. "ഇനിയും എന്റെ സമയം സമാഗതമായിട്ടില്ല" എന്നാണ് അവൻ അതിനു നൽകിയ മറുപടി. ദൈവപുത്രന്റെ ആദ്യത്തെ അത്ഭുതം നടക്കേണ്ടിയിരുന്നത് കുറേക്കൂടി പ്രത്യേകതയുള്ള സ്ഥലത്തുവച്ചായിരുന്നിരിക്കണം. അതായിരിക്കണം തന്റെ സമയമായിട്ടില്ല എന്നതിന്റെ പൊരുൾ. എങ്കിലും തന്റെ അമ്മ ആവശ്യപ്പെട്ടതുകൊണ്ട് സമയമാകാതിരുന്ന സമയത്തിനുപോലും ദൈവം മാറ്റം വരുത്തുകയാണ്.

മനുഷ്യന്റെ പ്രാർഥനയ്ക്ക് കാലവിളമ്പം സംഭവിക്കുന്നത് അതിന് സമയമായിട്ടില്ലാത്തതുകൊണ്ടായിരിക്കാം. എന്നാൽ നല്കപ്പെടാൻ സമയമാകാത്ത കാര്യങ്ങൾപോലും മനുഷ്യർക്കുവേണ്ടി നേരത്തെയാക്കാൻ ശുപാർശ ചെയ്യാൻ കഴിവുള്ളവളാണ് മറിയം. ഒരു കുഞ്ഞ് അച്ഛനോട് ഒരു സൈക്കിളിനുവേണ്ടി വാശിപിടിക്കുംപോലെയാണ്. സൈക്കിൾ വാങ്ങിക്കൊടുക്കണമെന്നുതന്നെയാണ് പിതാവിന്റെ മനസ്സിൽ. എന്നാൽ അത് അവന്റെ ജന്മദിനത്തിൽ നൽകുന്നതിനാണ് പിതാവ് കാത്തിരിക്കുന്നത്. സ്കൂളിൽ പോകാൻ സൈക്കിൾ തനിക്ക് വേഗം ലഭിക്കണമെന്ന് അമ്മയോട് കുഞ്ഞ് പരിതപിക്കുന്നു. ഒടുവിൽ കുട്ടിക്ക് സൈക്കിൾ നേരത്തെ വാങ്ങിക്കൊടുക്കാൻ അമ്മ പിതാവിനെ ബോധ്യപ്പെടുത്തുകയും കാര്യം നടത്തിക്കൊടുക്കുകയും ചെയ്യുന്നു. ഒരമ്മയ്ക്കുമാത്രം പിതാവിന്റെയടുത്ത് ലഭിക്കുന്ന ആ സ്വാതന്ത്ര്യമാണ് മറിയത്തിന് ദൈവത്തിന്റെ മുമ്പിലുള്ളത്.

ഹവ്വയുടെ കുറവുകൾ പരിഹരിച്ചവളും ക്രിസ്തുവിന്റെ മാധ്യസ്ഥ്യം ഏറ്റവും കൂടുതൽ പ്രയോജനപ്പെടുത്താൻ കഴിവുള്ളവളുമായ മറിയത്തിന്റെ ജന്മദിനമാണ് ഇന്ന്. യുഗങ്ങൾക്കുമുമ്പേ തന്റെ പുത്രന്റെ ജന്മം ദൈവം വാഗ്ദാനം ചെയ്തിരുന്നെങ്കിൽ ആ മകന് ചേർന്ന ഒരമ്മയെയും കാലങ്ങൾക്കുമുൻപേ ദൈവം നിശ്ചയിച്ചിരുന്നു. മറിയത്തിന്റെ ജന്മദിനത്തിൽ ശ്രവിച്ച സുവിശേഷം യേശുവിന്റെ വംശാവലിയാണ്. അബ്രാഹംമുതൽ ജോസഫ്വരെ 42 തലമുറയായി വ്യാപിച്ചുകിടക്കുന്ന വംശാവലിയുടെ കണ്ണി ദൈവത്തിന്റെ പദ്ധതി എത്ര ബൃഹത്തരമാണെന്ന് വ്യക്തമാക്കുന്നു.

**ഫാ. പീറ്റർ തോമസ് Ofm Cap.**

www.malankaralibrary.com



## സെപ്തംബർ 11
## തേജസ്കരണശേഷം 6-ാം ഞായർ

# ഭാഷ്യം

## ലൂക്കാ 21:34-38

### സന്ദർഭം

ലൂക്കാ 21:34-38 യേശുവിന്റെ യുഗാന്തപ്രഭാഷണത്തിന്റെ ഭാഗമാണ്. മനുഷ്യപുത്രന്റെ ആഗമനത്തെക്കുറിച്ച് പറഞ്ഞശേഷം യുഗാന്തത്തെക്കുറിച്ച് യേശു പറഞ്ഞതെല്ലാം സംഭവിക്കുമെന്ന് അവിടുന്ന് ഉറപ്പിച്ചു പറഞ്ഞു: "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എല്ലാം സംഭവിക്കുന്നതുവരെ ഈ തലമുറ കടന്നുപോവുകയില്ല. ആകാശവും ഭൂമിയും കടന്നുപോകും. എന്നാൽ, എന്റെ വാക്കുകൾ കടന്നുപോവുകയില്ല" (ലൂക്കാ 21:32-33). അവിടുത്തെ ആഗമനം ഉറപ്പായതിനാൽ ശിഷ്യർ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. അവയെക്കുറിച്ച് യേശു തന്റെ ശിഷ്യരെ ഉപദേശിക്കുകയാണ് 34 മുതൽ 36 വരെയുള്ള വാക്യങ്ങളിൽ. ലൂക്കായുടെ സുവിശേഷത്തിൽ മാത്രമേ യേശുവിന്റെ ഈ വാക്കുകൾ രേഖപ്പെടുത്തിയിട്ടുള്ളൂ യേശുവിന്റെ ദൈവാലയശുശ്രൂഷയുടെയും ജറുസലെമിൽ പ്രവേശിച്ചു കഴിഞ്ഞുള്ള ജീവിതക്രമത്തിന്റെയും ഒരു പൊതുവായ ചിത്രം നല്കുകയാണ് 37-38 വാക്യങ്ങളിൽ.

### സാരം

21:34-36: യേശുവിന്റെ ആഗമനം ഉറപ്പായതിനാൽ ശിഷ്യർ ഒരുക്കമുള്ളവരായിരിക്കണം. അതിനായി ശിഷ്യർ ശ്രദ്ധിക്കേണ്ട ചില പ്രധാന കാര്യങ്ങളുണ്ട്. *ഒന്നാമതായി,* സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത എന്നിവയാൽ മനസ്സു ദുർബലമാക്കാതിരിക്കാൻ ശ്രദ്ധിക്കണം. തിന്നുകുടിച്ചുല്ലസിച്ച് ലൗകികസുഖഭോഗങ്ങളിൽ മുഴുകിയിരിക്കുന്നവരുടെയും ജീവിതവ്യഗ്രതകളിൽ കുരുങ്ങിക്കിടക്കുന്നവരുടെയും മനസ്സു ദുർബലമായിരിക്കും, അവിടുത്തെ മഹത്ത്വപൂർണമായ ആഗമനം ദർശിക്കാൻ ഒരുക്കമുള്ളതായിരി

www.malankaralibrary.com

ക്കില്ല. *രണ്ടാമതായി,* ആ ദിവസം ഒരു കെണിപോലെ പെട്ടെന്നു നമ്മുടെമേൽ വന്നു വീഴാതിരിക്കാൻ നാം ശ്രദ്ധിക്കണം. അതിനായി ഒരുക്കമുള്ള നിർമല ഹൃദയത്തോടെ അവിടുത്തെ ആഗമനത്തിനായി നാം ഒരുങ്ങി കാത്തിരിക്കണം, ഒരുക്കമില്ലാത്തവരായി കാണപ്പെടാൻ ഇടയാകരുത്. *മൂന്നാമതായി,* യുഗാന്തത്തിൽ സംഭവിക്കാനിരിക്കുന്ന എല്ലാ വിപത്തുകളും ഭൂമുഖത്തു ജീവിക്കുന്ന എല്ലാവരുടെയുംമേൽ നിപതിക്കുമെന്നത് ഉറപ്പുള്ള കാര്യമാണ്. അതിനാൽ സംഭവിക്കാനിരിക്കുന്നവയിൽ നിന്നെല്ലാം രക്ഷപെട്ട് മനുഷ്യപുത്രന്റെ മുമ്പിൽ പ്രത്യക്ഷപ്പെടാൻ വേണ്ട കരുത്തു ലഭിക്കാൻ സദാ പ്രാർഥിച്ചുകൊണ്ട് ഒരുക്കമുള്ളവരായി ജാഗ്രതയോടെ നാം കാത്തിരിക്കണം. തന്റെ പുനരാഗമനത്തോടു ബന്ധപ്പെടുത്തിയാണ് ഇവിടെ യേശു മനുഷ്യ പുത്രൻ എന്നു സ്വയം വിശേഷിപ്പിച്ചിരിക്കുന്നത്.

21:37-38: ജറുസലെമിൽ പ്രവേശിച്ചുകഴിഞ്ഞുള്ള യേശുവിന്റെ ദൈവാലയ ശുശ്രൂഷയുടെയും ജീവിതക്രമത്തിന്റെയും ഒരു പൊതുവായ ചിത്രം നല്കുകയാണ് ഈ വാക്യങ്ങളിൽ. എല്ലാ ദിവസവും പകൽ സമയം യേശു ദൈവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്നു. യേശുവിന്റെ അനുഗ്രഹവചസുകൾ കേൾക്കാനായി ജനം മുഴുവൻ അതിരാവിലെ ദൈവാലയത്തിൽ അവന്റെ അടുത്തുവന്നിരുന്നു. രാത്രിയിൽ അവിടുന്ന് പട്ടണത്തിനു പുറത്തുപോയി ഒലിവുമലയിൽ വിശ്രമിച്ചു.

## സന്ദേശം

1. നമ്മുടെ കർത്താവിന്റെ മഹത്ത്വപൂർണമായ പുനരാഗമനത്തിൽ അവിടുത്തെ തിരുമുഖം ദർശിക്കാനും തിരുമുമ്പിൽ പ്രത്യക്ഷപ്പെടാനുമായി ഇന്നു നാമെല്ലാവരും ഒരുക്കമുള്ളവരായി കാത്തിരിക്കണമെന്ന് സുവിശേഷം നമ്മോടാവശ്യപ്പെടുന്നു. അതിനാൽ സുഖലോലുപതയിലും പലവിധ ആസക്തികളിലും പാപബന്ധനങ്ങളിലും ജീവിതവ്യഗ്രതകളിലും മുഴുകി ജീവിച്ച് മനസ്സിനെ ദുർബലമാക്കാതെ ഒരുക്കമുള്ള ഒരു നിർമല ഹൃദയത്തോടെ ജാഗ്രതയോടെ നാം കാത്തിരിക്കണം.

2. യുഗാന്തത്തിൽ സംഭവിക്കാനിരിക്കുന്ന വിപത്തുകളിൽ നഷ്ടധൈര്യരാകാതിരിക്കാനും അത് അപ്രതീക്ഷിതമായി സംഭവിക്കാ

www.malankaralibrary.com

തിരിക്കാനും വിശ്വാസത്തോടെ പ്രാർഥനാപൂർവം ജാഗ്രതയോടെ ഒരുക്കമുള്ളവരായി നാം കാത്തിരിക്കണം. ഒരു പുതുയുഗപ്പിറവിക്കായി പ്രത്യാശയോടെ നാം കാത്തിരിക്കണം.

3. പകൽമുഴുവൻ സുവിശേഷ ശുശ്രൂഷയിൽ മുഴുകി, രാത്രികാലങ്ങളിൽ ഒലിവുമലയിൽ പിതാവിനോടൊപ്പം പ്രാർഥനയിൽ വിശ്രമം കണ്ടെത്തിയ യേശുവിന്റെ മാതൃക നമുക്കും സ്വന്തമാക്കാം. യേശു പ്രാർഥിച്ചത് പിതാവിന്റെ തിരുഹിതം നിറവേറ്റുന്നതിനുവേണ്ടിയും മനുഷ്യകുലത്തിനുമുഴുവൻ വേണ്ടിയും ആയിരുന്നുവെന്ന സത്യം നമുക്ക് വിസ്മരിക്കാതിരിക്കാം.

**ഡോ. സി. നമിത SIC**

---

# പ്രസംഗം

## അലസത വെടിയുക

യേശു ശിഷ്യരോട് ശ്രദ്ധാലുക്കളാരിക്കണമെന്ന് ആഹ്വാനം ചെയ്യുന്നു. ഈ ഉപദേശം ഇതിനുമുമ്പ് യേശു മൂന്നു പ്രാവശ്യം നൽകിയിട്ടുണ്ട് (12:1,17:3,20:46). സുഖലോലുപത, മദ്യാസക്തി, ജീവിത വ്യഗ്രത എന്നിവയുടെ കെണിയിൽപ്പെട്ട് ഹൃദയം ദുർബലമാക്കരുത്. ഈ തിന്മകൾ തീർച്ചയായും ഒഴിവാക്കണമെന്ന് യേശു ഉപദേശിക്കുന്നു. തിന്മകൾകൊണ്ട് ഹൃദയം ദുർബലമാക്കിയാൽ അവസാന ദിവസം ഒരു കെണിപോലെ വീഴും. തിന്മകളിൽനിന്ന് രക്ഷപെട്ട് മനുഷ്യപുത്രന്റെ മുമ്പിൽ നിൽക്കാൻവേണ്ട കരുത്ത് ലഭിക്കാൻ ശിഷ്യർ എല്ലാ സമയവും പ്രാർഥിച്ചുകൊണ്ട് ജാഗരൂകരായിരിക്കണം.

ക്രിസ്ത്യാനികൾക്കിടയിൽ ഏറ്റവും വലിയ വിഷയമാണ് കർത്താവിന്റെ പുനരാഗമനം. ഇതിന്റെ പേരിലുണ്ടാകുന്ന ദുരന്തങ്ങളുടെ കാരണം കർത്താവിന്റെ പുനരാഗമനത്തെപ്പറ്റിയുള്ള അവന്റെ വാക്കുകൾ ഗ്രഹിക്കാൻ മനുഷ്യന്റെ കഴിവില്ലായ്മയാണ്. ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ അവസാന ഘട്ടമാണ് മനുഷ്യപുത്രന്റെ ആഗമനം. പുനരാഗമനം സമീപസ്ഥമാണെന്നും പെട്ടെന്നായിരിക്കുമെന്നും ഏതു നിമിഷമാകാമെന്നും യേശു പഠിപ്പിച്ചു.

എന്നാൽ തീയതിയും സമയവും യേശു പറഞ്ഞില്ല. അതിനാൽ യേശു പറഞ്ഞ 'അടുത്ത സമയം' ഏതാണെന്നറിയാൻ ശിഷ്യർ ആകാംക്ഷാഭരിതരായി. കർത്താവിന്റെ പുനരാഗമനം ശിഷ്യരുടെ

www.malankaralibrary.com

വലിയ പ്രതീക്ഷയായിത്തീർന്നു. അവർ ക്ഷമയോടെ കാത്തിരുന്നു. കാരണം, അതവരുടെ നീതിമത്ക്കരണത്തിന്റെ സമയമാണ്. ദൈവത്തിൽനിന്ന് നീതി ലഭിക്കുന്ന സമയമാണ് ആഗമനസമയം. കർത്താവ് പ്രതിസമ്മാനം നൽകുന്ന സമയമാണത്.

യേശു സമയം കൃത്യമായി പറയാത്തതിനാൽ ചിലർ സമയം സ്വയം വ്യാഖ്യാനിച്ചു. അവർ അനേകം വിശ്വാസികളെ വഴി തെളിച്ചു. പുനരാഗമനം ഉടനെയും സമീപസ്ഥമെന്നും ആയതിനാൽ ശിഷ്യർ ശ്രദ്ധാലുക്കളായിരിക്കണം. കാരണം കർത്താവിന്റെ വരവിന്റെ സമയം കൃത്യമായി അറിഞ്ഞുകൂടാ. കർത്താവ് വരുന്നതുവ രെ ശിഷ്യർ ജറുസലെം മുതൽ ഭൂസീമകളോളം അവന് സാക്ഷ്യം വഹിക്കണം. ശിഷ്യർ സദാ ജാഗരൂകരായി കർമനിരതരാകണം. ശിഷ്യന്മാർ അലസരാകരുത്. അധികാരം ദുർവിനിയോഗം നടത്തി സമയം വെറുതെ പാഴാക്കരുത്. സദാ ശ്രദ്ധയോടെ ജീവിക്കണം.

ശിഷ്യന്മാർ കർത്താവിന്റെ വരവിന്റെ സമയം നിശ്ചയിക്കേണ്ട. മറിച്ച് ഏതു നിമിഷവും കർത്താവിന്റെ വരവിന്റെ സമയമായി കണ്ടുകൊണ്ട് അവനെ സ്വീകരിക്കാൻ ഒരുങ്ങിയിരിക്കണം. പുനരാഗമനത്തെക്കുറിച്ച് ശ്രദ്ധയുള്ളവർ അടയാളങ്ങൾ കാണുമ്പോൾ കൂടുതൽ ജാഗരൂകരാകും. പുനരാഗമന വിശ്വാസം ശിഷ്യരെ പ്രത്യാശനിർഭരാക്കുന്നു; കർമനിരതരാക്കുന്നു.

**ഫാ. മാത്യു ചിറയിൽ**

www.malankaralibrary.com



# സെപ്തംബർ 14
# സ്ലീബാപ്പെരുന്നാൾ

## പ്രസംഗം

### പിച്ചളസർപ്പം ഒരു വിഗ്രഹമല്ല

**തിരുനാൾ മാഹാത്മ്യം:** വിശുദ്ധ ഹെലേന രാജ്ഞിവഴി ജറുസലെമിൽ നിന്ന് വിശുദ്ധ കുരിശ് കണ്ടെടുത്തതിന്റെയും മാലാഖമാരും മനുഷ്യരും ആഘോഷമായി വിശുദ്ധ കുരിശിനെ സംവഹിക്കാനും വണങ്ങാനും ഇടയാക്കിയതിന്റെയും അന്തിമവിധി നാളിൽ കുരിശടയാളത്തോടുകൂടെ വാനമേഘങ്ങളിൽ മിശിഹായുടെ പ്രത്യാഗമനത്തിന്റെയും സവിശേഷമായ അനുസ്മരണമാണ് ഈ തിരുനാൾ. മിശിഹായുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും രക്ഷാകരമായ അർഥം മനസ്സിലാക്കാൻ നമുക്ക് ലഭിച്ചിരിക്കുന്ന സുന്ദര ദിനം! ശിക്ഷയുടെയും പരിഹാസത്തിന്റെയും അടയാളമായിരുന്ന കുരിശിനെ മഹത്ത്വത്തിന്റെ ചിഹ്നമായി ഉയർത്തിയതിന്റെ ഓർമ്മ കൊണ്ടാടുന്ന ദിവസം! കൂടാതെ, കുരിശിലൂടെയാണ് യേശു മഹത്ത്വത്തിലേക്കു പ്രവേശിച്ചതിന്റെ ഓർമയാണ് ഈ തിരുനാൾ.

**യേശുവും പിച്ചള സർപ്പവും:** കുരിശിൽ ഉയർത്തപ്പെട്ട യേശുവിനെയും മഹത്ത്വത്തിലേക്കു പ്രവേശിച്ച യേശുവിനെയും സമ്യക്കായി പിച്ചളസർപ്പത്തിന്റെ പ്രതീകത്തിലൂടെ യോഹന്നാൻ സുവിശേഷകൻ അവതരിപ്പിച്ചിരിക്കുന്ന ഭാഗമാണ് (യോഹ 3:13-17) ഈ തിരുനാൾ ദിനത്തിൽ നാം വിചിന്തനത്തിനു വിഷയമാക്കുന്നത്. ദൈവം മോശയോട് പിച്ചളസർപ്പത്തെ ഉണ്ടാക്കാൻ പറഞ്ഞപ്പോൾ (സംഖ്യ 21:1-9)

www.malankaralibrary.com

വിഗ്രഹാരാധനക്കു അനുകൂലമായ സാഹചര്യം ഉണ്ടാക്കിയില്ലേ എന്ന് ചോദിക്കുന്നവർക്കുള്ള മറുപടിയാണ് യേശു നിക്കൊദേമോസുമായുള്ള സംഭാഷണത്തിൽ (യോഹ 3: 1–21) നമുക്ക് കാണാനാകുന്നത്.

**ദൈവസാന്നിധ്യത്തിന്റെ അടയാളം:** പിച്ചളസർപ്പം ഒരു വിഗ്രഹമല്ല, ദൈവസാന്നിധ്യത്തിന്റെ അടയാളമാണ്. വടിയിൽ ഉയർത്തപ്പെട്ട ആ പിച്ചളസർപ്പം യേശുതന്നെയാണെന്ന് കാൽവരിയിലെ കുരിശിന്മേൽ മൂന്നാണികളിൽ തൂങ്ങികിടക്കുമ്പോൾ ശതാധിപന്റെ വാക്കുകളിലൂടെ വ്യക്തമാക്കുന്നു: "ഈ സംഭവമെല്ലാം കണ്ടുനിന്നിരുന്ന ശതാധിപൻ ദൈവത്തെ സ്തുതിച്ചു പറഞ്ഞു: "ഈ മനുഷ്യൻ തീർച്ചയായും നീതിമാനായിരുന്നു" (ലൂക്കാ 23:47); "സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു" (മർക്കോ 15:39)). ഈ സാക്ഷ്യം സത്യമാണെന്ന് യോഹന്നാൻ സുവിശേഷകൻ അടിവരയിടുന്നു: "അതുകണ്ടയാൾതന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവന്റെ സാക്ഷ്യം സത്യവുമാണ്. നിങ്ങളും വിശ്വസിക്കേണ്ടതിനു താൻ സത്യമാണുപറയുന്നതെന്ന് അവൻ അറിയുകയും ചെയ്യുന്നു" (യോഹ 19:35).

**ജീവന്റെ അടയാളം:** പിച്ചളസർപ്പത്തെ നോക്കുന്നവർ ജീവിക്കും. ജീവനിലേക്കു പ്രവേശിക്കണമെങ്കിൽ വിചാരത്താലും വാക്കാലും പ്രവൃത്തിയാലും ഉപേക്ഷയാലും വന്നുപോയിട്ടുള്ള എല്ലാ തെറ്റുകളെയും ഓർത്തു അനുതപിക്കണം, ഏറ്റുപറയണം, മേലിൽ പാപം ചെയ്യുകയില്ലെന്നു പ്രതിജ്ഞ ചെയ്യണം, പ്രായശ്ചിത്തം അനുഷ്ഠിക്കണം. "ജനം മോശയുടെ അടുക്കൽ വന്നു പറഞ്ഞു: അങ്ങേയ്ക്കും കർത്താവിനുമെതിരായി സംസാരിച്ചു ഞങ്ങൾ പാപം ചെയ്തു" (സംഖ്യ 21:7). കൂടാതെ, കർത്താവ് കല്പിച്ചതുപോലെ പ്രവർത്തിക്കാൻ നാം തയ്യാറാകണം. "മോശ പിച്ചളകൊണ്ട് ഒരു സർപ്പത്തെ ഉണ്ടാക്കി അതിനെ വടിയിൽ ഉയർത്തി നിർത്തി; ദംശനമേറ്റവർ പിച്ചളസർപ്പത്തെ നോക്കി; അവർ ജീവിച്ചു" (സംഖ്യ 21: 9). യോഹന്നാൻ സുവിശേഷകൻ സഖറിയായുടെ പ്രവചനം (സഖ 12:10) ഓർത്തുകൊണ്ട് ഇക്കാര്യം ഉറപ്പിക്കുന്നു: "തങ്ങൾ കുത്തി മുറിവേല്പിച്ചവനെ അവർ നോക്കി നിൽക്കും" (യോഹ 19:37). കുരിശിൽ ഉയർത്ത

www.malankaralibrary.com

പ്പെട്ടവനിലേക്കു കണ്ണുകൾ ഉയർത്തിയവർക്കു രക്ഷ ദർശിക്കാൻ സാധിക്കും. കുരിശിലാണ് രക്ഷ, കുരിശിലൂടെയാണ് രക്ഷ, കുരിശാണ് രക്ഷ എന്നു സാരം.

**ആഴമേറിയ വിശ്വാസത്തിന്റെ പ്രതീകം:** ജീവനിലേക്കു പ്രവേശിക്കാൻ വിശ്വസിക്കുക പരമപ്രധാനം. ഒന്നാമതായി, പിതാവായ ദൈവത്തിന്റെ ഏകജാതനാണ് യേശു ക്രിസ്തുവെന്ന് നാം അടിയുറച്ചു വിശ്വസിക്കണം. "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു"(യോഹ 3:16). രണ്ടാമതായി, അവിടുന്നാണ് ഈശോയെ ഈ ഭൂമിയിലേക്ക് അയച്ചതെന്ന് നാം വിശ്വസിക്കണം. പാപത്തിന്റെ ദംശനമേറ്റ, മൃതരായവരെ ജീവനിലേക്കു പ്രവേശിപ്പിക്കാൻ ദൈവം അയച്ച തന്റെ പ്രിയപുത്രനിൽ വിശ്വസിക്കണം. പിതാവായ ദൈവത്തിന്റെ വലതുഭാഗത്തു ഉപവിഷ്ടനായിരിക്കുന്ന വചനംതന്നെയായ പുത്രൻ തമ്പുരാൻ ഈ ഭൂമിയിൽ മനുഷ്യനായി അവതരിച്ചു, വിശ്വാസപ്രമാണത്തിൽ നാം ഏറ്റുപറയുന്നതുപോലെ, നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും. ശിക്ഷിക്കാനല്ല രക്ഷിക്കാനാണ് ദൈവം തന്റെ പുത്രനെ ഈലോകത്തിലേക്കു അയച്ചത് എന്ന് നാം വിശ്വസിക്കണം: "ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ ശിക്ഷയ്ക്കു വിധിയക്കാനല്ല പ്രത്യുത, അവൻവഴി ലോകം രക്ഷപ്രാപിക്കാനാണ്" (യോഹ 3:17). അതിനാലാണ്, വിശുദ്ധ കുരിശിന്റെ വഴിയിൽ ഓരോ സ്ഥലത്തും നാം കുമ്പിട്ടാചാരം ചെയ്യുമ്പോൾ ഇതേ കാര്യം ഏറ്റുപറയുന്നത്: "ഈശോമിശിഹായേ, നിന്നെ ഞങ്ങൾ കുമ്പിട്ടാരാധിക്കുന്നു, എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ നീ ഞങ്ങളെ വീണ്ടുരക്ഷിച്ചു."

മൂന്നാമതായി, ദൈവം സ്നേഹസമ്പന്നനായ പിതാവാണെന്നു നാം വിശ്വസിക്കണം. നാലാമതായി, ദൈവത്തെക്കുറിച്ചും സത്യത്തെക്കുറിച്ചും ഈശോ പറയുന്നതെല്ലാം സത്യമാണെന്ന് നാം വിശ്വസിക്കണം. എമ്മാവൂസിലേക്കുള്ള യാത്രാ മധ്യേ ഉത്ഥിതനായ ക്രിസ്തു ശിഷ്യരോട് ചോദിച്ച ചോദ്യം ഇത്തരുണത്തിൽ ചിന്തോദീപകമാണ്:

www.malankaralibrary.com

"ഭോഷന്മാരേ, പ്രവാചകന്മാർ പറഞ്ഞിട്ടുള്ളത് വിശ്വസിക്കാൻ കഴിയാത്തവിധം ഹൃദയം മന്ദീഭവിച്ചവരേ, ക്രിസ്തു ഇതെല്ലം സഹിച്ചു മഹത്ത്വത്തിലേക്കു പ്രവേശിക്കേണ്ടിയിരുന്നില്ലേ?" (ലൂക്കാ 24: 25-26). ഇപ്രകാരം വിശ്വാസത്തോടെ കുരിശിലേക്കു നോക്കുന്നവർ നിത്യജീവൻ പ്രാപിക്കും, മഹത്ത്വത്തിലേക്കു പ്രവേശിക്കും, രക്ഷപ്രാപിക്കുകയും ചെയ്യും.

രക്ഷയുടെ അടയാളമായ വിശുദ്ധ കുരിശിന്റെ തിരുനാൾ ആഘോഷിക്കുന്ന ഈ സുദിനത്തിൽ നമുക്ക് പ്രാർഥിക്കാം. ഈശോ മിശിഹായേ, നിന്റെ കുരിശിന്റെ രഹസ്യം പ്രഘോഷിക്കാനും നിന്റെ കുരിശിൽ അഭിമാനം കൊള്ളാനും അനുദിന ജീവിതത്തിലെ കുരിശുകൾ സന്തോഷത്തോടെ വഹിച്ചു നിന്നെ അനുഗമിക്കാനും ഞങ്ങളെ ശക്തരാക്കണമേ.

**ഡോ. ബിൽജു വാഴപ്പിള്ളി**

www.malankaralibrary.com



## സെപ്തംബർ 18
## സ്ലീബാപ്പെരുന്നാളിനുശേഷം 1-ാം ഞായർ

# ഭാഷ്യം

## മർക്കോ 13:28-37

### സന്ദർഭം

യേശുവിന്റെ ജറുസലെമിലേക്കുള്ള രാജകീയ പ്രവേശനത്തിന്റെ മൂന്നാംദിവസം ജറുസലെം ദൈവാലയത്തിൽ തനിക്കുള്ളത് മുഴുവൻ അർപ്പിച്ച വിധവയുടെ പൂർണതയെ ശ്ലാഘിച്ച യേശു, ദൈവാലയ ത്തിന് പുറത്തു വന്നതിനുശേഷം മനുഷ്യപുത്രൻ മഹത്ത്വത്തിൽ ആഗതനാകുന്നത് ദർശിക്കാൻ സാധിക്കത്തക്കവിധം യോഗ്യതയുള്ള വർ ആകേണ്ടതിനായി മനുഷ്യർ കടന്നുപോകേണ്ട വേദനകളുടെ യും ദുരിതങ്ങളുടെയും വിവരണം നൽകിയതിനുശേഷം - മനുഷ്യ പുത്രന്റെ മഹത്ത്വപൂർണമായ ആഗമനത്തിന്റെ ലക്ഷണങ്ങൾ വിവ രിച്ചുതരുന്നതും അവിടുത്തെ സ്വീകരിക്കാൻ എപ്രകാരം ഒരുങ്ങണ മെന്ന് ജനത്തെ പഠിപ്പിക്കുന്നതുമായ വചനഭാഗമാണ് ഇന്നത്തേത്. ഈ ഭാഗമാകട്ടെ മർക്കോസ് സുവിശേഷത്തിൽ യേശു തന്റെ ഭൗമിക ജീവിതത്തിൽ അവസാനമായി ജനങ്ങളെ പഠിപ്പിക്കുന്നതാണ്.

### സാരം

വേദനകളും ഭീകരദുരിതങ്ങളും താണ്ടിയെത്തുന്ന മനുഷ്യവ്യ ക്തി സൂര്യനോ, ചന്ദ്രനോ, നക്ഷത്രങ്ങളോ വെളിച്ചംതരാത്ത കടുത്ത ഇരുട്ടിന്റെ അനുഭവംകൂടി മറികടന്നു കഴിയുമ്പോൾ ആ വ്യക്തിയെ കാത്തിരിക്കുന്നത് മനുഷ്യപുത്രന്റെ മഹിമയാർന്ന ആഗമനത്തിന്റെ ആശ്വാസവും ആനന്ദവും സമാധാനവുമാണ്. ഇതിനുവേണ്ട മനോ ഭാവം എന്താണെന്ന് ഈ വചനഭാഗം ആവർത്തിച്ചാവർത്തിച്ച് പറയു ന്നു, ശ്രദ്ധാപൂർവം ഉണർന്നിരിക്കുക, ജാഗരൂകതയോടെ ജീവിക്കുക. ജാഗ്രതയോടെ സദാ ഉണർവോടെ വർത്തിക്കുന്നവർക്ക് മാത്രമേ ക്രിസ്തുവിന്റെ മഹത്ത്വപൂർണമായ ആഗമനത്തിന് സാക്ഷികളും ഭാഗഭാക്കുകളും ആകാനാകൂ. അടിവരയിട്ടുകൊണ്ട് യേശു ഇപ്രകാ

www.malankaralibrary.com

രം പറയുന്നു: ആകാശവും ഭൂമിയും കടന്നുപോയാലും ഈ വചനങ്ങൾ എന്നേക്കും സത്യമായിരിക്കുമെന്ന്.

## സന്ദേശം

ഒരു ജീവിതത്തിന് താങ്ങാൻ കഴിയുന്ന സങ്കട കടൽ അത്രയും താണ്ടി ഉപജീവനത്തിനുള്ള വകമുഴുവനും വിശ്വാസത്തിന്റെ ഉറപ്പിൽ ദൈവത്തിന് അർപ്പിച്ച വിധവ ദൈവത്തിന്റെ മഹത്ത്വത്തിന്റെ യഥാർഥ അനുഭവം നേടിയവളാണ് എന്ന വിവരണത്തിനും പരസ്യപ്രഭാഷണങ്ങൾ അവസാനിപ്പിച്ച് പീഡാസഹനത്തിലേക്ക് നടന്നു നീങ്ങുന്ന യേശുവിന്റെ ഭൗമികജീവിതത്തിന്റെ അവസാനഘട്ടത്തിനും ഇടയിലാണ് ഈ സുവിശേഷഭാഗം നിലകൊള്ളുന്നത്. മർക്കോസ് സുവിശേഷത്തിന്റെ പതിമൂന്നാം അധ്യായം അപ്പോകലിപ്റ്റിക് ശൈലിയിലാണ് വിരചിതമായിരിക്കുന്നത്. ഇപ്രകാരമുള്ള വിവരണങ്ങൾ പ്രതീകാത്മക അർഥം മനസ്സിലാക്കി വേണം വ്യാഖ്യാനിക്കാൻ.

ചെറു സഹനങ്ങളോടെ, വേദനകളോടെ ആരംഭിക്കുന്ന ജീവിതയാത്ര ഭീകരദുരിതങ്ങളെ നേരിടാൻ ഒരു വ്യക്തിയെ ഒരുക്കുന്നു. പതിമൂന്നാം അധ്യായം വിവരിക്കുന്നതുപോലെ വേദനകളുടെ ആരംഭം ഭീകരദുരിതങ്ങൾ ഇവയ്ക്കുശേഷം ഇരുട്ടിന്റെ അനുഭവമാണ് കാത്തിരിക്കുന്നത്. സൂര്യനോ ചന്ദ്രനോ നക്ഷത്രങ്ങളോ പ്രകാശം നൽകാത്ത, അവപോലും ഇരുണ്ടുപോകുന്ന അനുഭവത്തിലൂടെ കടന്നു കഴിയുമ്പോൾ മനുഷ്യപുത്രന്റെ മഹത്ത്വപൂർണമായ ആഗമനം അനുഭവമാകും. ഈ കഠിന ദുരിതങ്ങളെ അതിജീവിക്കേണ്ടത് എങ്ങനെ എന്ന് രണ്ടു വ്യത്യസ്ത ഗ്രീക്ക് പദങ്ങൾ ഉപയോഗിച്ച് നാലു പ്രാവശ്യമായി 30 മുതൽ 35 വരെയുള്ള വചനങ്ങളിൽ സുവിശേഷം ആവർത്തിച്ചു പഠിപ്പിക്കുന്നു: സദാ ജാഗരൂകതയോടെ ഉണർന്നിരിക്കുക. എന്താണ് ഇത് അർഥമാക്കുന്നത്? അനുദിന ജീവിതസാഹചര്യങ്ങളിൽ വേദനിപ്പിക്കുന്ന ഓർമകളുടെ ഭൂതകാലത്തേക്ക് പിന്തിരിയാതെയും വരാനിരിക്കുന്ന കാലത്തെക്കുറിച്ച് ആകുലപ്പെടാതെയും ജാഗ്രതയോടെ സമർപ്പിച്ച വിധവയുടെ മനോഭാവത്തോടെ വർത്തമാനകാലത്ത് ആവേശത്തോടെ എല്ലാവരിലേക്കും സ്നേഹത്തോടെ തുറന്നിരിക്കുന്ന കണ്ണും മനസ്സും ഹൃദയവുമായി ജീവിക്കുക.

**ഡോ. സി. ഗ്ലാഡിസ് CMC**

www.malankaralibrary.com

# പ്രസംഗം

## എടുക്കാത്തവ എടുക്കുന്നവൻ

ആ കടയുടെ മുന്നിൽ ആൾക്കൂട്ടമാണ് എപ്പോഴും. അതൊരു റേഷൻ കടയായിരുന്നു. ഒരേ ഒരു പ്രത്യേകതയുള്ള ഒരു കടയായതുകൊണ്ട് ഒരുപാടുപേർ ആ കടയിൽ ഓടിക്കൂടി. ആരും എടുക്കാത്ത കീറിപ്പോയ നോട്ടുകൾ ആ കടയിൽ എടുക്കുമായിരുന്നു. ആ കടയുടമയ്ക്കും ഒരു പ്രത്യേകതയുണ്ടായിരുന്നു. അയാൾ ഒരു മുഴുകുടിയനായ കടയുടമയാണ്. നാളുകൾ കൊഴിഞ്ഞുപോയി. അന്ന് ആ കടയുടമയുടെ ജീവിതവും കൊഴിഞ്ഞുപോയി. അലിഞ്ഞുപോയ ആത്മാവ് ആകാശത്തിലെ തമ്പുരാന്റെ മുമ്പിൽ ചെന്നു. മാലാഖ പുസ്തകം തുറന്നു പറഞ്ഞു: അകത്തളത്തിൽ പ്രവേശനമില്ല. കർമരേഖകളിൽ കലർപ്പ് ചേർക്കപ്പെട്ടിരിക്കുന്നു. അയാൾ സമ്മതിച്ചു. സ്വർഗവാസം തനിക്ക് അന്യമായിരിക്കുന്നു. അയാളുടെ ആത്മാവ് മുന്നോട്ടു നടന്നു. പെട്ടെന്ന് തിരികെ വന്നു ആത്മാവ് സംസാരിച്ചു ഞാൻ എടുക്കാത്ത നോട്ടുകളെടുത്തയാളാണ്: "ഞാനും എടുക്കാത്ത ഒരു നോട്ടാണ്. എന്നെയും എടുക്കണം." അകത്തളത്തിൽ നിന്ന് അശരീരി ശബ്ദിച്ചു: 'അകത്തേക്കു പ്രവേശിക്കുക.'

കർമങ്ങളുടെ കൊയ്ത്തിന് സമയമായി. എടുക്കപ്പെടാത്ത നോട്ടുകളും എടുക്കപ്പെട്ടിട്ടും എത്തിപ്പെടാത്തതുമായ നോട്ടുകളുണ്ട് ഈ ഭൂവിൽ. അവയെ നോക്കി ക്രിസ്തു പറയുന്നു: ജാഗ്രതയോടെ ഇരിക്കുക. എല്ലാം മുൻകൂട്ടി പറയുന്ന ക്രിസ്തുമൊഴികളെ ധ്യാനിക്കുക. ജാഗ്രതയോടെയായിരിക്കുമ്പോൾ കരുതേണ്ട ചില കാര്യങ്ങളുമുണ്ടെന്ന് ക്രിസ്തു പഠിപ്പിക്കുന്നു. അതിന്റെ അടയാളങ്ങളും അവൻ പറഞ്ഞു തരുന്നുണ്ട്. സൂര്യൻ ഇരുണ്ടുപോകും, ചന്ദ്രൻ പ്രകാശം തരുകയില്ല, നക്ഷത്രങ്ങൾ ആകാശത്തുനിന്നു നിപതിക്കും, ആകാശശക്തികൾ ഇളകുകയും ചെയ്യും എന്നൊക്കെ പറയുമ്പോൾ ക്രിസ്തുവിന്റെ മനസ്സിൽനിന്നും വരുന്ന പാഠങ്ങൾ എന്തൊക്കെയാണ്.

www.malankaralibrary.com

സൂര്യൻ ഇരുണ്ടുപോകും- ഇരുട്ടില്ലാതെ വെട്ടമേകുന്ന, വെട്ടമായി തീരുന്ന സൂര്യൻ. ജീവിതത്തിന്റെ വെട്ടം നഷ്ടപ്പെട്ടുപോകുന്ന അനുഭവങ്ങൾ ഉണ്ടാകും. ഇരുട്ടിന്റെ താഴ്വാരങ്ങളിൽ കൂടാരങ്ങൾ നിർമിക്കപ്പെട്ടേക്കാം. ചന്ദ്രൻ പ്രകാശം തരുകയില്ല. രാവനുഭവങ്ങളിൽ പോലും കുളിരും, വെളിച്ചവും തൂനിലാവും പ്രകാശം തരുകയില്ലെന്ന് പറയുമ്പോൾ ജീവിതത്തിന്റെ സഹനാനുഭവങ്ങൾ ശക്തിതരുന്ന നൈവേദ്യമായിരുന്നവയൊക്കെ യാതൊരു അനുഭവവും തരാതെ പോയേക്കാം. ഇങ്ങനെ ആകാശത്തിന്റെ അതിരുകളിൽനിന്നും ആഴങ്ങളിൽ നിന്നും നക്ഷത്ര കുടുംബം താഴേ നിപതിക്കും. ആകാശശക്തികൾ ഇങ്ങനെ ഇളകിമറിയുമ്പോൾ മനുഷ്യപുത്രൻ പ്രത്യക്ഷമാകുന്നു. അപ്പോഴാണ് അവന്റെ തിരഞ്ഞെടുക്കപ്പെട്ടവരൊക്കെ ഒരുമിച്ച് കൂട്ടപ്പെടുന്നത്.

ജീവിതത്തിന്റെ നൈരാശ്യ അനുഭവങ്ങളിൽ മനുഷ്യർ ഇടിഞ്ഞു നിൽക്കുമ്പോൾ ഇതാ സമാധാനത്തിന്റെ ദൈവം പ്രത്യക്ഷമാകുന്നു. എന്തിന് അസംതൃപ്തിയിൽ, അസമാധാനത്തിൽ, അശാന്തിയിൽ, ദൈവം പ്രത്യക്ഷനാകുന്നത് ജീവിതത്തിൽ നാമെങ്ങനെയൊക്കെ കരുതലുള്ളവരും കരുതേണ്ടവരായിരിക്കണമെന്നും ക്രിസ്തു പഠിപ്പിക്കുന്നു. ക്രിസ്തുവിന്റെ പ്രവേശന വഴികൾ എടുക്കപ്പെടാത്ത നോട്ടുകളായേക്കാം. തിരസ്കരിക്കപ്പെട്ട നിസ്ക്കാരങ്ങൾ ആയേക്കാം. നിസ്സാരമെന്ന് കരുതിയവ സാധാരണങ്ങളായേക്കാം. എന്തൊക്കെതന്നെ ആയിരിക്കട്ടെ! ക്രിസ്തു പറയുന്നത് ജാഗ്രത പുലർത്തണമെന്നാണ്.

ജീവിതത്തിൽ നമുക്ക് നഷ്ടപ്പെടുന്നത് ഈ ജാഗ്രതയാണ്. ചില തിരിച്ചടികൾ ലഭിക്കുമ്പോൾ നാം തിരിച്ചറിവുള്ളവരായിത്തീരാറുണ്ട്. ഈ തിരിച്ചറിവുകൾ തന്നെയാണ് നമുക്ക് തിരുവചനത്തിലൂടെ ജീവിതത്തിൽ ലഭിക്കുന്ന മുറിവുകളെ തിരുമുറിവുകളായും തിടുക്കയാത്രകളെ തീർഥയാത്രകളായും ആക്കിതീർക്കുന്നത്. അതിനുവേണ്ടി നാം പുലർത്തേണ്ടത് ഒന്നുമാത്രമാണ് - ജാഗ്രത.

ക്രിസ്തുവിന്റെ ജീവിതത്തിലും പാലിക്കപ്പെട്ട ഒരു സുകൃതമായിരുന്നു ജാഗ്രത. ജനനംമുതൽ മരണംവരെ അവൻ പാലിച്ച ജാഗ്രത. നാടുവിട്ട് കൂടന്വേഷിക്കേണ്ടിവന്നപ്പോൾ, ദൈവാലയ പ്രമുഖരുമായി സംവാദത്തിൽ, യോഹന്നാൻ ശിഷ്യരുടെ അന്വേഷണത്തിൽ, ശിഷ്യരുടെ സംഗമത്തിൽ, അത്ഭുതങ്ങളുടെ അതിർവരമ്പുകളിൽ, ആത്മാവിനാൽ അഭിഷിക്തനാകാൻ മരുഭൂമിയിൽ അയയ്ക്കപ്പെടു

www.malankaralibrary.com

Date of Publication: 13 August 2022 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2021-23, KL/CR/EKM/WPP-17/2021-2023 (Page 90)

മ്പോൾ ഇങ്ങനെ അവസാനംവരെ തന്റെ ജീവിതത്തോടും, ജീവിത നിയോഗത്തോടും ക്രിസ്തു പുലർത്തിയ ജാഗ്രത.

തിരക്കുകളുടെ ജീവിതത്തിൽ തിടുക്കം കാണിക്കുന്ന നാം എപ്പോഴാണ് തിരുമുറിവുകളെ കുറിച്ച് ധ്യാനിക്കാൻ പോകുന്നത്. വിണ്ണിന്റെ നാഥന്റെ രണ്ടാംവരവിൽ ജാഗ്രതപുലർത്തിയവരല്ലേ അവന്റെ ചാരത്ത് പുഞ്ചിരിക്കാൻ പോകുന്നത്. അർഥമുള്ള ജീവിതങ്ങളിൽ അല്ലേ മൂല്യങ്ങൾ മുത്തുമണികളാക്കപ്പെടുക. ബന്ധങ്ങളിൽ, കർമങ്ങളിൽ നാം പുലർത്തുന്ന നന്മകൾ മാത്രമാണ് ക്രിസ്തുവിനോടു ചേർത്തു നിർത്തുന്ന ജാഗ്രതയുടെ പാഠങ്ങൾ.

അതുകൊണ്ടുതന്നെയാണ് ക്രിസ്തു പറയുന്നത്, ആകാശവും ഭൂമിയും അവശേഷിക്കാതെ പോയാലും സ്നേഹംകൊണ്ടും നന്മകൊണ്ടും കനിവുകൊണ്ടും അരുളിയ കരുതലിന്റെ കരുത്തുള്ള വാക്കുകൾ ഒരിക്കലും നഷ്ടമാവില്ലെന്നും അന്ത്യംവരെ നിലനിൽക്കുമെന്നും.

നമ്മുടെ കർമഭൂമികളെ ജാഗ്രതയുടെ ആയുധംകൊണ്ട് വിളവിനായി ഒരുക്കാം. നന്മയും സ്നേഹവും സഹനവും ത്യാഗവും നമ്മുടെ ജീവിത പരിസരങ്ങളെ നനവുറ്റതാക്കാം. ഈ ലോകത്തിൽ മനുഷ്യബന്ധം അല്ലാതെ മറ്റെന്തിനാണ് സൗന്ദര്യമുള്ളത്. മനുഷ്യരുമായുള്ള ബന്ധത്തിൽ ഇരുട്ടനുഭവങ്ങൾ, നഷ്ടങ്ങൾ, ക്ലേശങ്ങൾ ഒക്കെ ബന്ധനങ്ങളാക്കപ്പെടുമ്പോൾ ക്രിസ്തുവെന്ന സൂര്യപ്രഭയിൽ ജീവിതത്തിന് വെട്ടം ലഭിക്കാൻ ജാഗ്രതയോടെ കർമങ്ങളെ വിശുദ്ധമാക്കാം.

**ഫാ. മേരി ജോൺ Ofm Cap.**

*Printed & Published by Fr. Jacob Naluparayil, Fr. M.Koottumkal, MCBS House, Perumanoor P.O, Kochi -15, Printed at Viani Printings, Kochi-18*